കേരള സർക്കാർ

# മരട് നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(എം.1)307/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 22-03-2019

ജോയിന്റ് ഡയറക്ടർ

ചെയർ പേഴ്സൺ (സെക്രട്ടറി മുഖേന)
മരട് നഗരസഭ

സർ,

വിഷയം : മരട് നഗരസഭ – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5)ഓഫീസ് കോപ്പി.

നം.കെ.എസ്.എ.-ഇകെഎം (എം.1)307/2019 തീയതി : 22.03.2019

## <u>എറണാകുളം ജില്ലയിലെ മരട് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ മരട് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി . നഗരസഭ 1.4.2017മുതൽ 31.3.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ചതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.2019 മുതൽ 14.02.2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സുരേഷ് എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി റസിയ ബീവി ജെ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. എം.എസ് ഗോപകുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. വിജു എം എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| കുമാരി . മേഴ്സി കെ.പി | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർപേഴ്സൺ | ശ്രീമതി. ദിവ്യ അനിൽകുമാർ | 1.04.2017 | 29.05.2017 |
| | ശ്രീ. അബ്ദുൾ ജബ്ബാർ | 30.05.2017 | 19.06.2017 |
| | ശ്രീമതി. സുനീല സിബി | 20.06.2017 | 31.03.2018 |
| വൈസ് ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ. ആന്റണി ആശാൻ പറമ്പ് | 1.04.2017 | 27.04.2017 |
| | ശ്രീ. അബ്ദുൾ ജബ്ബാർ | 28.04.2017 | 31.03.2018 |
| സെക്രട്ടറി | ശ്രീ ബി. അനിൽകുമാർ | 01.04.2017 | 31.03.2018 |

**മറ്റു നിർവ്വഹണോദ്യോഗസ്ഥരുടെ പേരു വിവരം**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ നൗഫൽ അലി കെ.എ. | 1.4.2017 | 3.10.2017 |
| | ശ്രീമതി. ഉഷാകുമാരി പി.ജി | 4.10.2017 | 31.3.2018 |
| ഹെഡ് മാസ്റ്റർ , ഗവ. ബോയ്സ് ഹൈസ്കൂൾ. മാങ്കായിൽ | ശ്രീമതി.സതി എ.സി | 1.4.2017 | 31.3.2018 |
| കൃഷി ഓഫീസർ | ശ്രീമതി ചിത്ര കെ. പിള്ള | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സീനിയർ വെറ്ററിനറിസർജൻ | ഡോ. നിഷ സെബാസ്റ്റ്യൻ | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാന്തി എം.എസ്. | 1.4.2017 | 31.12.2017 |
| | ശ്രീമതി.അനുഷ | 1.1.2018 | 31.3.2018 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഹീര സാബു | 1.4.2017 | 31.3.2018 |
| ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ജിജി വർഗ്ഗീസ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ ഇൻ ചാർജ് പിഎച്ച്.സി.( നെട്ടൂർ) | ഡോ. ബി.എസ്. ശ്രീകുമാരി | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ ഇൻ ചാർജ് പിഎച്ച്.സി.(വളന്തക്കാട്) | ഡോ. ബാലു ഭാസി | 1.4.2017 | 31.3.2018 |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. ജേക്കബ് പി.ജെ. | 1.4.2017 | 10.1.2018 |
| | ശ്രീമതി. ബിന്ദു വി | 11.1.2018 | 31.3.2018 |
| പ്രൊജക്റ്റ് ഓഫീസർ,യു.പി.എ.ഡി. | ശ്രീ ഹുസൈൻ എ. | 1.4.2017 | 31.3.2018 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.സീന അഗസ്റ്റിൻ | 1.4.2017 | 31.3.2018 |
| പ്രിൻസിപ്പാൾ, GVHSS, മാങ്കായിൽ | ശ്രീമതി രശ്മി പ്രദീപ് | 1.4.2017 | 30.9.2017 |
| | ശ്രീ.ബെന്നോ | 1.10.2017 | 31.3.2018 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | 2017-18 വാർഷികധനകാര്യപത്രികയിൽ കാണുന്ന മറ്റ് അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് | 1-13 |
| | ഭാഗം 2 | |
| 14 | വസ്തുനികുതി നിർണ്ണയം അപാകതകൾ | 2-1 |
| 15 | തൊഴിൽ നികുതി പിരിവ് , രജിസ്റ്റർ പരിപാലനം - അപാകതകൾ | 2-2 |
| 16 | ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകത | 2-3 |
| 17 | റോഡ് കട്ടിംഗ് ചാർജ് - സാങ്കേതിക നിർദ്ദേശം പാലിച്ചില്ല- നഗരസഭയ്ക്ക് വരുമാനമിനത്തിൽ നഷ്ടം 4318691/-രൂപ | 2-4 |
| 18 | റോഡ് കട്ടിംഗ് ചാർജിന് GST ഈടാക്കിയില്ല -കേന്ദ്ര | 2-5 |

| | | |
|---|---|---|
| | സംസ്ഥാന സർക്കാരിന് നഷ്ടം. 193388/-രൂപ | |
| | ഭാഗം -3 | |
| 19 | നിർവ്വഹണ ഏജൻസിക്ക് ഫൈനല്ല ബില്ലിൽ ചേർത്ത് നല്കിയ സേവനനികുതി 3,93,444/-രൂപ തിരികെ ഈടാക്കണം | 3-1 |
| 20 | 5-ാം വാർഡിൽ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ-നടപടിക്രമങ്ങളിലെ അപാകതകൾ | 3-2 |
| 21 | എസ്.സി ഫ്ലാറ്റ് നിർമ്മാണം - പ്രൊജക്ട് ആരംഭിക്കുന്നതിൽ കാലതാമസം | 3-3 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം – ചെലവ് രേഖകൾ പൂർണ്ണമല്ല.- തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 23 | 75 വയസ് കഴിഞ്ഞവർക്കുള്ള സഹായ ഉപകരണം – സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് കസേര , ഊന്നുവടി എന്നിവ വിതരണം ചെയ്തു. | 3-5 |
| 24 | സൈക്കിൾ വിതരണം - 10-ാം ക്ലാസ് കഴിഞ്ഞവർക്ക് നൽകിയത് സബ്സിഡി മാർഗ്ഗരേഖ ലംഘനം | 3-6 |
| 25 | വയോജനങ്ങൾക്ക് ഭക്ഷണം - പോഷകാഹാര കിറ്റ് നൽകിയത് സബ്സിഡി മാർഗ്ഗരേഖ ലംഘനം | 3-7 |
| 26 | ബക്കറ്റ് കമ്പോസ്റ്റ് വിതരണം - മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. | 3-8 |
| 27 | ആദായനികുതി ഈടാക്കിയില്ല.- നഷ്ടം 27118/- | 3-9 |
| 28 | കുടുംബശ്രീ സി.ഡി.എസ് – മോണിറ്ററിംഗ് കാര്യക്ഷമമാക്കണം | 3-10 |
| 29 | വൈദ്യുതി താരിഫ് മാറ്റം | 3-11 |
| 30 | പ്രവർത്തനക്ഷമമല്ലാത്ത ബോട്ടിന്റെ ഇൻഷ്വറൻസ് അടവാക്കി | 3-12 |
| 31 | അശ്വമേധം ബസ്സ്-നഗരസഭയ്ക്ക് ബാധ്യതയാകുന്നു | 3-13 |
| 32 | തെരുവ് വിളക്ക് മീറ്ററിംഗ് | 3-14 |
| 33 | കരാറിൽ ഏർപ്പെട്ടിട്ടില്ല. | 3-15 |
| 34 | നായകൾക്ക് ലൈസൻസ് നല്കിയതിലെ അപാകത | 3-16 |
| 35 | സൌജന്യ ബോട്ട് സർവ്വീസ് കരാറിന് തീയതി ഇല്ല അധിക നിരക്ക് ആദായ നികുതി എന്നിവയിൽ നഷ്ടം- | 3-17 |
| 36 | പ്രിന്റിംഗ് -ടെണ്ടർ നടപടികളുടെ രേഖകൾ ലഭ്യമല്ല | 3-18 |
| 37 | രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 80,33,559/-രൂപ തടസ്സപ്പെടുത്തുന്നു. | 3-19 |
| 38 | PMAY- ഭവനപദ്ധതി -സമയബന്ധിതമായ പൂർത്തീകരണത്തിന് വിഭവസ്രോതസ്സ് ഉറപ്പ് വരുത്തണം. | 3-20 |
| 39 | 3-in-1 പ്രിന്റർ വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-21 |
| 40 | അങ്കണവാടിക്കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 3-22 |
| 41 | മുൻകൂറുകൾ | 3-23 |
| 42 | ഭിന്നശേഷി സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല | 3-24 |

| | | |
|---|---|---|
| 43 | മുനിസിപ്പാലിറ്റി പെൻഷൻ ഫണ്ട്- റഗുലർ - കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിലെ അപാകതകൾ | 3-25 |
| | ഭാഗം 4 | |
| | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 44 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 45 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 47 | വായ്പ/ വായ്പാ തിരിച്ചടവ് | 4-4 |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 51 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.01.2018-ാം തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 04.09.2018 |

നിയമാനുസൃത സമയ പരിധി കഴിഞ്ഞതിന് ശേഷമാണ് മരട് നഗരസഭ 2017-18 വാർഷിക ധനകാര്യപത്രിക ഓഡിറ്റിനായി സമർപ്പിച്ചത്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 08.08.2018 & 09.08.2018 | കെ.എസ്.എ-ഇ.കെ.എം (എം2)177/2018 തീയതി. 13.09.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,38,23,920.22 |
| വരവ് | 21, 68,66,378 |
| ആകെ | 24,06,90,298.22 |
| ചെലവ് | 19,85,96,154 |
| നീക്കിയിരിപ്പ് | 4,20,94,144.22 |

# 1-5 ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 32830660 | 32830660 | 30541649 | 0 | 2289011 |
| വികസനഫണ്ട് എസ്.സി.പി. | 0 | 15260335 | 15260335 | 9902274 | 0 | 5358061 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 627165 | 627165 | 331838 | 0 | 295327 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10217778 | 10217778 | 8469748 | 0 | 1748030 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7255956 | 7255956 | 4399857 | 0 | 2856099 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 48188995 | 48188995 | 31430395 | 0 | 16758600 |
| പഞ്ചാബ് നാഷണൽ ബാങ്ക്<br>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവുകൾ | 4156479 | 118783 | 4275262 | 349716 | 2726331 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | | | 1199215 | | |
| ആകെ | | | | 1548931 | | |
| ബി. ഫണ്ട് | 0 | 56044700 | 56044700 | 56044700 | 0 | 0 |
| എസ്.ബി.ഐ,മരട്<br>ME's A/c | 42850 | 145840 | 188690 | 0 | 188690 | 0 |
| പഞ്ചാബ് നാഷണൽ ബാങ്ക്<br>(PF A/c ) | 3221 | 2521976 | 2525197 | 2148469 | 376728 | 0 |
| പഞ്ചാബ് നാഷണൽ ബാങ്ക്<br>SECC A/c | 438 | 9 | 447 | 243 | 204 | 0 |
| പഞ്ചാബ് നാഷണൽ ബാങ്ക്<br>Pension A/c | 633499 | 25433 | 658932 | 35 | 658897 | 0 |
| പഞ്ചാബ് നാഷണൽ ബാങ്ക്<br>ചെയർപേഴ്സൺസ് ദുരിതാശ്വാസ നിധി | 0 | 320515 | 320515 | 115070 | 205445 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ആന്ധ്ര ബാങ്ക് NULM | 1483608 | 527937 | 2011545 | 1574831 | 436714 | 0 |
| ആക്സിസ്സ് ബാങ്ക് (PMAY) | 4052636 | 30668570 | 34721206 | 23400000 | 11321206 | 0 |
| ബാങ്ക് ഓഫ് ബറോഡ സ്വച്ഛ് ഭാരത് | 409858 | 324448 | 734306 | 132310 | 601996 | 0 |
| ട്രഷറി A/c VPFA (old) | 807725 | 0 | 807725 | 0 | 807725 | 0 |
| ട്രഷറി A/c TPA (old) | 30345 | 0 | 30345 | 0 | 30345 | 0 |
| STSB ട്രഷറി അക്കൗണ്ട് (തനത് ഫണ്ട് ) | 4333679 | 20322623 | 24656302 | 18464432 | 6191870 | 0 |
| പഞ്ചാബ് നാഷണൽ ബാങ്ക് തനത് | 7868641 | 81081487 | 88950128 | 70402135 | 18547993 | 0 |
| ക്യാഷ് | 941 | 0 | 941 | 941 | 0 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 395 | 24,91,26,402 | 210 | 10,21,64,237 | - | 185 | 53.16% |

2017-18 വർഷം 47 % പ്രൊജക്ടുകൾ നടപ്പാക്കാതെ മാറ്റിവെക്കേണ്ടിവന്നത് പദ്ധതി ചെലവിൽ ഗണ്യമായ കുറവിന് കാരണമായി .

# 1-7 അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 4156479 | 118783 | 4275262 | 349716 | 2726331 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | | | 1199215 | |
| | 4156479 | 118783 | 4275262 | 1548931 | 2726331 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് , ചെലവ് കണക്കുകളും, 2017-18 വാർഷികധനകാര്യപത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തേണ്ടതാണ്.

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ | ചെലവഴിച്ച |
|---|---|---|

| | എണ്ണം | തുക |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 151 | 18,23,200 |
| വിധവാപെൻഷൻ | 1387 | 1,60,17,300 |
| വാർദ്ധക്യകാലപെൻഷൻ | 2854 | 3,39,75,500 |
| വികലാംഗപെൻഷൻ | 303 | 35,14,700 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 85 | 6,69,000 |
| തൊഴിൽ രഹിത വേതനം | 62 | 45000 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 5 | 1,50,000 |

"വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം" എന്നയിനം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വരവ് – ചെലവ് 2018-19 വാർഷികധനകാര്യപത്രികയിൽ "Prior Period Income /Expenditure" ആയി ഉൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2019-ാം തീയതി 3 മണിക്ക് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 1,38,078/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം.

1.<u>രസീത് ബുക്കുകളുടെ സൂക്ഷിപ്പും പരിപാലനവും</u>- ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം തൃപ്തികരമാണ്.പണം കൈപ്പറ്റുന്നതിനുള്ള രസീതുബുക്കുകളുടെ പരിപാലനം ശരിയായ രീതിയിലല്ല നഗരസഭ കൈകാര്യം ചെയ്യുന്നത്.

a) 2017-18 ൽ ഇഷ്യു ചെയ്ത് ഉപയോഗിച്ച രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നൽകിയ തീയതി | ബുക്ക് നമ്പർ | കൈപ്പറ്റിയ ആളുടെ പേര് |
|---|---|---|---|
| 1. | 07.06.2017 | 232 | ശ്രീമതി ഹസീന ടി.എ , ലൈബ്രേറിയൻ |

ലൈബ്രേറിയന് നൽകിയിട്ടുള്ള മേൽ രസീത് ബുക്ക് നഷ്ടപ്പെട്ടതിനാൽ 17.04.2018 ൽ GI-7686/13, 17.05.2018 ൽ GI-3563/18 എന്നീ നമ്പരുകളിൽ മെമ്മോ, ചാർജ് മെമ്മോ എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ടി രസീത് ബുക്ക് റദ്ദ് ചെയ്തു കൊണ്ട് പത്രപ്പരസ്യവും നൽകിയിട്ടുണ്ട്.

<u>b) രസീത് ഡെയ് ലി കളക്ഷൻ :</u> 2016- 17 ൽ ഇഷ്യു ചെയ്ത രസീത് ബുക്കുകൾ 2017-18 ലും ഉപയോഗിക്കുന്നു. വെറ്ററിനറി സർജന് 07.03.2017 ൽ നൽകിയ രസീത് ബുക്ക് നം. 230 2017-18 ലാണ് ഉപയോഗിച്ചിരിക്കുന്നത്. കൃഷി ഓഫീസർക്ക് നൽകിയിരിക്കുന്ന രസീത് ബുക്കുകളും ഇതേ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു. ഒരു സാമ്പത്തികവർഷം ഇഷ്യു ചെയ്യുന്ന ബുക്കുകളിൽ ഉപയോഗിക്കാത്തവ വർഷാവസാനം തിരികെ സ്റ്റോക്കിൽ എടുക്കുകയും വീണ്ടും ഇഷ്യു ചെയ്യുകയാണെങ്കിൽ ആ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഡേ ബുക്ക് , കൌണ്ടർ റിപ്പോർട്ട് എന്നിവ ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല.

c). സാംഖ്യ രസീത് സ്റ്റോക്ക്, ഇഷ്യു രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

d) സാംഖ്യ ബാങ്ക് റിപ്പോർട്ടുകൾ ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല.

2. <u>സ്യൂട്ട് രജിസ്റ്റർ</u> കാലികമല്ല.നഗരസഭയിലെ കേസുകൾ കൈകാര്യം ചെയ്യുന്ന സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തത് കാരണം വക്കീൽ ഫീസിനത്തിൽ നല്കിയ തുകയുടെ വിവരം വ്യക്തമല്ല. കേസുകളുടെ വിവരവും വക്കീലിന് നല്കിയ തുകയുടെ വിവരം, ചെക്ക് നം ,തീയതി എന്നിവ ചേർത്ത് പ്രസ്തുത രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

<u>3.ഡി & ഒ ലൈസൻസ് രജിസ്റ്റർ</u>

ഡി.&ഒ ലൈസൻസ് രജിസ്റ്ററിൽ കേവലം ഫീസ് വാങ്ങുന്നത് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അധികഫീസ്, യന്ത്രങ്ങളുടെ ഫീസ് എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. ലൈസൻസ് നല്കുന്ന നമ്പർ അനുസരിച്ചല്ല ഫയൽ സൂക്ഷിച്ചിട്ടുള്ളത്.

<u>4.വിവരാവകാശ രജിസ്റ്റർ.</u>

തിൽ ലഭിച്ച വിവരാവകാശ അപേക്ഷകളിലെല്ലാം തന്നെ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ട്.ജനറൽ , എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിവരാവകാശ രജിസ്റ്റർ പരിശോധിച്ച

<u>5.വാർഡ് സഭ</u>

തനത് സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ എല്ലാ വാർഡുകളിലും 5 തവണ വാർഡ് സഭ കൂടിയിട്ടുണ്ട്.വാർഡുകളുടെ സമഗ്ര വികസനത്തിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ചർച്ചകൾ ഓരോ വാർഡ് സഭയിലും നടത്തിയിട്ടുണ്ട്.

<u>6.ഓഫീസ് ഓർഡർ രജിസ്റ്റർ.</u>

ഓഫീസ് ഓർഡർ രജിസ്റ്റർ ഓരോ ഉദ്യോഗസ്ഥനം പ്രത്യേകമായി തന്നെ ജോലി വിഭജനം നല്കി സെക്രട്ടറി ഉത്തരവായിട്ടുണ്ട്. ഫയൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഓഫീസ് ഓർഡർ സെക്രട്ടറി സമയബന്ധിതമായി തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. വിവരാവകാശ ഓഫീസർമാരെ ഓരോ വിഭാഗത്തിനും പ്രത്യേകമായി തന്നെ ഉത്തരവിലൂടെ നിയമിച്ചിട്ടുണ്ട്.

7.കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ കണക്ക്: പൂരക പോഷകാഹാരത്തിനായി ലഭിച്ച കേന്ദ്രവിഹിതത്തിന്റെ കണക്കുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ലഭിച്ച തുകയുടെ മുൻബാക്കി, നീക്കിയിരുപ്പ് എന്നിവ കൃത്യമായി കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല.

8. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ.

A) നഗരസഭയിൽ നിലവിൽ 4000 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. 2017-18 വർഷം മരട് നഗരസഭയിൽ 1,24,71,900/- രൂപ മൊത്തം അടങ്കൽ വരുന്ന 9 പ്രൊജക്ടുകളാണ് പ്രത്യേകഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അംഗീകാരം കിട്ടിയത്.നഗരസഭയിലെ പ്രത്യേക ഘടക പദ്ധതി വിഹിത പ്രൊജക്ടുകൾ മുൻവർഷങ്ങളിൽ നടത്തിവന്നത് തൃപ്പൂണിത്തുറ നഗരസഭ പട്ടികജാതി വികസന ഓഫീസറാണ്.

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച 9 പ്രൊജക്ടുകൾ വെറ്റിംഗിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയച്ചപ്പോൾ മരട് നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ ഇല്ല എന്ന കാരണം കാണിച്ച് പ്രൊജക്ടുകൾ തിരികെ അയച്ചു. തൃപ്പൂണിത്തുറ നഗരസഭ പട്ടികജാതി വികസന ഓഫീസർക്ക് മരട് നഗരസഭയിലെക്കൂടി പ്രൊജക്ടുകൾ നിർവ്വഹണം നടത്താൻ കഴിയില്ല എന്നറിയിച്ചാണ് പ്രൊജക്ടുകൾ ഏറ്റെടുക്കാതെ മടക്കിയത്.

മേൽ സാഹചര്യത്തിൽ പട്ടികജാതി പ്രൊജക്ടുകൾ നഗരസഭ സെക്രട്ടറി, മെമ്പർ സെക്രട്ടറി എന്നിവർ നടത്തുന്നതിന് 14.08.2017 ലെ നഗരസഭ കൗൺസിൽ തീരുമാനം നം. 13 പ്രകാരം തീരുമാനിച്ചു. മേൽ തീരുമാനപ്രകാരം നടപ്പാക്കിയ പട്ടികജാതി പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ അപാകതകൾ സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കാണാൻ സാധിച്ചു, വിഷയമേഖലയിൽ പ്രാവീണ്യം ഇല്ലാത്ത ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കിയതിനാൽ ആ മേഖലയിലെ പ്രൊജക്ടുകളുടെ സബ്സിഡി മാനദണ്ഡങ്ങൾ, ഗുണഭോക്തൃതെരഞ്ഞെടുപ്പ് തുടങ്ങിയവയിൽ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് പ്രൊജക്ടുകൾ കാര്യക്ഷമമായി നിർവ്വഹണം നടത്താൻ കഴിയാതെ വന്ന സാഹചര്യം ഉണ്ടായി.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ മരട് പോലെ ഉയർന്ന ജനാധിവാസമേഖലയിൽ പ്രത്യേക ഘടകപദ്ധതി പ്രൊജക്ടുകൾ നടപ്പിലാക്കാൻ പട്ടികജാതി വികസന ഓഫീസറെ നിയമിക്കാൻ സർക്കാരിനോട് ആവശ്യപ്പെടാൻ നഗരസഭ കൗൺസിൽ നടപടി സ്വീകരിക്കേണ്ടതാണ്.

B)പി.എച്ച്.സി.വളന്തക്കാട് &പി.എച്ച്.സി.നെട്ടൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണം നടത്തിയ "മരുന്ന് വാങ്ങൽ" എന്ന പ്രൊജക്ടിൽ കേരള മെഡിക്കൽ സർവ്വീസസ് സഹകരണ സൊസൈറ്റിയിലേക്ക് യഥാക്രമം. 2,00,000/- രൂപയും, 3,00,000/- രൂപയും നിക്ഷേപിച്ചു. എന്നാൽ ഈ രണ്ടു പ്രൊജക്ടുകളിലും 2017-18 വർഷം KMSCS ലേക്ക് അടച്ച ആകെ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. ബാക്കി തുകയ്ക്കുള്ള മരുന്ന് അടിയന്തിരമായി ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഇത്തരം പ്രൊജക്ടുകളുടെ നിർവ്വഹണം വർഷാവസാനത്തേക്ക് മാറ്റിവെക്കാതെ സാമ്പത്തികവർഷാദ്യം മുതൽത്തന്നെ നടപ്പാക്കിയാൽ മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം ഒഴിവാക്കാവുന്നതാണ്.

C) സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുമായി ബന്ധപ്പെട്ട് ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള പ്രൊജക്ട് തയ്യാറാക്കുന്നതിന് വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിന് 18/12/2017ൽ മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിച്ചിരുന്നു. M/s RAM Biologicals എന്ന സ്ഥാപനം സമർപ്പിച്ച 1,67,310/- രൂപയുടെ ടെൻഡർ അംഗീകരിക്കുകയും, 25/07/2018-ൽ ഈ സ്ഥാപനത്തിന് 50 % തുക മുൻകൂറായി നല്കിയിട്ടുമുണ്ട്. DPR സമയബന്ധിതമായി തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യസംസ്കരണ പരിപാടി ത്വരിതഗതിയിൽ നടപ്പാക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ സവിശേഷ ശ്രദ്ധ പതിയേണ്ടതാണ്.

D) 2017-18-ൽ 91,350/- രൂപ ചെലവഴിച്ച് മരട് നഗരസഭയിൽ തയ്യാറാക്കിയ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ പദ്ധതി ആസൂത്രണപ്രക്രിയയിൽ അടിസ്ഥാന വിവരശേഖരണത്തിനായി ഉപയോഗിക്കാൻ ഉതകും വിധം കാലികമാക്കി പരിപാലിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 08.02.2016 | 2013- 14 (IInd ) മുതൽ 2015-16 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 | 2017-18 | 14.09.2018 |

# 1-12 2017-18 വാർഷികധനകാര്യപത്രികയിൽ കാണുന്ന മറ്റ് അപാകതകൾ

വിശദമായ ഓഡിറ്റ് പരിശോധനയിൽ 2017-18 വാർഷികധനകാര്യപത്രികയിൽ താഴെപ്പറയുന്ന അപാകതകൾ കൂടി കാണുന്നു.

1. 2017-18 വർഷം വികസനഫണ്ട് (ജനറൽ) ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് 3,05,41,649/- രൂപയും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 3,05,91,536/- രൂപയും ആണ്. ഇത് തമ്മിലുള്ള വ്യത്യാസം 49,887/- രൂപയാണ്. ഇത് പരിഹരിക്കേണ്ടതാണ്.

2. 2017-18 -ൽ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് 3,14,30395/- രൂപയും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 3,16, 93,288/- രൂപയും ആണ്. വ്യത്യാസം 2,62,893/- രൂപയാണ്.

3. SBI മരട് ബ്രാഞ്ചിൽ മുനിസിപ്പൽ എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ 31.03.3018 ൽ സാംഖ്യ ബാങ്ക് ബുക്ക് പ്രകാരം 188690/- രൂപയാണ് നീക്കിയിരുപ്പ്. എന്നാൽ ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2018-ൽ 4,41,903/-രൂപ നീക്കിയിരുപ്പ് കാണുന്നു. ഈ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

4.മുനിസിപ്പൽ തനത് ഫണ്ട് അക്കൗണ്ടായ പഞ്ചാബ് നാഷണൽ ബാങ്കിൽ ബാങ്ക് പാസ്സ്ബുക്ക് പ്രകാരം 31.03.2018-ൽ 2,18,61,594/- രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ ഈ അക്കൗണ്ടിന്റെ സാംഖ്യ ബാങ്ക് ബുക്ക് പ്രകാരം 31.03.2018-ലെ നീക്കിയിരിപ്പ് 1,85,47,993/-രൂപയാണ്. ഇത് തമ്മിൽ റീകൺസിലിയേഷൻ നടത്തുമ്പോൾ സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ നീക്കിയിരിപ്പ് 2,46,61,157/- രൂപ കാണണം. എന്നാൽ 2,18,61,594/- രൂപ മാത്രമേ ബാങ്കിലുള്ളു. 27,99,563/- രൂപയുടെ ഈ വ്യത്യാസം റീകൺസൈലേഷൻ നടത്തി പരിഹരിക്കേണ്ടതാണ്.

5. അക്കൗണ്ട്സ് പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 2017-18 വർഷം 48,50,100 രൂപ വരവുണ്ട്. ഈയിനത്തിൽ തിരികെ നല്കിയത് 48,50,100 രൂപ തന്നെയാണ്. ഇത് പ്രകാരം 31.03.2018-ൽ ഗുണഭോക്തൃവിഹിതമിനത്തിൽ തുകയൊന്നും തന്നെ B4 ഷെഡ്യൂളിൽ ബാദ്ധ്യത വരാൻ പാടില്ലാത്തതാണ്. എന്നാൽ ഇവിടെ 19,38,281/- രൂപ നീക്കിയിരിപ്പ് കാണിക്കുന്നു.

6.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും, 2017-18 വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയത് ക്രമീകരിക്കേണ്ടതാണ്.

7."വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം" എന്ന ഇനത്തിൽ 5 ഗുണഭോക്താക്കൾക്ക് 30,000/- രൂപ വീതം ആകെ 2017-18 സാമ്പത്തിക വർഷം 1,50,000/- രൂപ നല്കിയിട്ടുണ്ട്.എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈയിനത്തിൽ വരവ്- ചെലവ് കാണിച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ 2018-19 വാർഷിക ധനകാര്യ പത്രികയിൽ പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

# 1-13 ഓഡിറ്റ് ഇംപാക്ട്

ആയുർവേദ ആശുപത്രിയുടെ ഒന്നാം നിലയിലെ ഭിത്തി പ്ലാസ്റ്ററിംഗ് നടത്തിയപ്പോൾ വാതിലുകളുടേയും ജനലുകളുടേയും അളവ് കുറവു ചെയ്തിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വാതിലുകളുടേയും ജനലുകളുടേയും അളവ് (32.523 m2) കുറവ് ചെയ്യാതിരുന്നത് വഴി അധികം നൽകാനിടയായ 7691/-രൂപ കരാറുകാരനിൽ നിന്നും 14.02,19 തീയതിയിലെ 01/118020117351 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തുനികുതി നിർണയം അപാകതകൾ

നഗരസഭയുടെ വസ്തുനികുതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

മരട് നഗരസഭയുടെ 28.05.2012 ആർ 1- 3726/2011 നമ്പർ വിജ്ഞാപനം പ്രകാരം, 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ. ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ച. മീറ്ററിന് 120 രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി 01.04.2011 മുതൽ നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ താഴെ കാണുന്ന രീതിയിൽ നികുതി നിർണ്ണയം നടത്തി നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയിട്ടുണ്ട്. 2015-16 ൽ (26-10-15) ആണ് മേൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്.കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതിനാൽ ടി നഷ്ടം വർഷങ്ങളായി തുടരുകയാണ്. നഗരസഭയ്ക്ക് ഉണ്ടായിരിക്കുന്ന നഷ്ടം പരിഹരിക്കുകയോ ഉത്തരവാദിയായ റെവന്യൂ ഇൻസ്പെക്ടറിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

| വാർഡ് നം./ കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം, കെട്ടിടത്തിൻെറ ഉപയോഗം | ഈടാക്കിയ നിരക്ക് 60/ ച. മീ. | ഈടാക്കേണ്ട നിരക്ക് 120/ ച. മീ. | നികുതി വ്യത്യാസം 3 വർഷ ത്തേക്ക് |
|---|---|---|---|---|---|
| 24/നെട്ടൂർ സൗത്ത്/345/1 | ജോർജ്ജ് നെടുംപറമ്പിൽ, സീന ജെന്നിഫർ, അരുൺ ആൽഡ്രിൻ ജോർജ്, | 278.8ച.മീ, സൂപ്പർ മാർക്കറ്റുകൾ. ഷോപ്പിംഗ് മാളുകൾ | 278.8x60=16728 (+)20% 3345.6 ആകെ 20073.6 ലൈബ്രറി സെസ്5% 1004 (+)10% 2008 ആകെ 23086 | 278.8x120=33456 (+)20% 6691 ആകെ 40147 ലൈബ്രറി സെസ്5%= 2007 (+)10% 4014 ആകെ 46169 | 23083x3 =69249 |
| | | | | | 69249 |

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറൻറുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ച. മീറ്ററിന് 80 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.എന്നാൽ താഴെ കാണുന്ന രീതിയിൽ നികുതി നിർണ്ണയം നടത്തി നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയിട്ടുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം /ച.മീ | ഈടാക്കിയ നിരക്ക് 60/ ച.മീ | ഈടാക്കേണ്ട നിരക്ക്80/ ച.മീ. | വ്യത്യാസം |
|---|---|---|---|---|---|---|
| 1. | 8/96/54 | പി.പി.കോയ കോയൻകൊ ഓട്ടോസ് പ്രൈ.ലിമിറ്റഡ് | 336 | 20160 | 26880 | 6720 |
| 2. | 16/190/F27 | കൂൾ ഹോം ബിൽഡേഴ്സ് , ആലുവ | 115.63 | 6937.8 | 9250 | 2313 |
| 3. | 16/397 | കെ.എൻ ചന്ദ്രൻ , കോലോത്ത് പറമ്പ് | 120 | 7200 | 9600 | 2400 |
| 4 | 16/158 | ജോളി ജോസഫ് | 199.65 | 11979 | 15972 | 3993 |
| 5 | 18/384/A | പി.എച്ച്. മുഹമ്മദ് | 175.68<br>145 | 19241 | 25654 | 6413 |
| 6 | 23/35/2 | ഹരുൺ, സീബ ,സുലേഖ, | 177.18 | 10630 | 14174 | 3544 |

ഒരു ഉടമയുടെ ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കടമുറികൾ ഒരുമിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് പകരം വ്യത്യസ്ത കടമുറികളായി പരിഗണിച്ച് നികുതി നിർണ്ണയം നടത്തി കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നു. മരട് നഗരസഭയിലെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറൻറുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ച. മീറ്ററിന് 80 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. അപാകത താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം /ച. മീ. | ഈടാക്കിയ നിരക്ക് 60/ ച. മീ. | ഈടാക്കേണ്ട നിരക്ക് 80/ ച. മീ. | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 4/299/2<br>299/3 | ഷിബു K.J. , കുന്നലക്കാട്. | 53.47<br>53.47 | 3208.2<br>3208.2 | 4277.6<br>4277.6 | 1069<br>1069 |
| 2 | 8/96/4<br>96/5<br>96/17<br>96/18<br>96/32<br>96/33<br>96/44<br>96/45<br>96/46<br>96/61<br>96/78<br>96/79<br>96/80<br>96/95 | പി.പി കോയ കോയെൻകോ ഓട്ടോസ് പ്രൈ .ലിമിറ്റഡ് | 98.05<br>73.28<br>98.05<br>72.5<br>98.05<br>73.28<br>98.05<br>73.28<br>90.49<br>98.05<br>98.05<br>73.28<br>90.49<br>73.28 | 5883<br>4396<br>5883<br>4350<br>5883<br>4396<br>5883<br>4396<br>5429<br>5883<br>5883<br>4396<br>5429<br>4396 | 7844<br>5862<br>7844<br>5800<br>7844<br>5862<br>7844<br>5862<br>7239<br>7844<br>7844<br>5862<br>7239<br>5862 | 1961<br>1466<br>1961<br>1450<br>1961<br>1466<br>1961<br>1466<br>1810<br>1466<br>1466<br>1466<br>1810<br>1466 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 16/<br>190/F28<br>190/F29 | കുൾഹോം ബിൽഡേഴ്സ് , ആലുവ | 80.63<br>83.63 | 4837.8<br>5017.8 | 6450<br>6690 | 1613<br>1673 |
| 4 | 16/<br>398<br>399 | കെ.എൻ. ചന്ദ്രൻ, കോലോത്ത് പറമ്പ് | 80<br>80 | 4800<br>4800 | 6400<br>6400 | 1600<br>1600 |
| 5 | 11/320/1<br>320/2<br>320/3<br>320/4<br>320/5 | ബിജി നാരായണൻ | 85.74<br>13.89<br>20.95<br>15.12<br>10.48 | 5144<br>833.4<br>1257<br>907.2<br>628.8 | 6859<br>1111<br>1676<br>1209<br>838 | 1715<br>278<br>419<br>302<br>210 |
| 6 | 13/89/A1<br>A2<br>A3<br>A4 | ഷിജാൻ പി.പോൾ | 18.41<br>18.41<br>18.95<br>86.65 | 1104.6<br>1104.6<br>1137<br>5199 | 1472<br>1472<br>1516<br>6932 | 368<br>368<br>379<br>1733 |
| 7 | 15/192/A1 | രമേഷ്.കെ | 73.63<br>76.03 | 4417.8<br>4561.8 | 5890<br>6082 | 1473<br>1520 |
| 8 | 15/326/1<br>/2<br>/4<br>/5<br>/3 | ജ്യോതിഷ് സി.എസ് | 129<br>52.63<br>16<br>179.48<br>12.02 | ----<br>3157.8<br>–<br>–<br>721.2 | 10320<br>4210<br>1280<br>14358.4<br>961 | –<br>1052<br>–<br>–<br>240 |
| 9 | 16/159/1<br>/2<br>/3 | ലിസി സിബി | 62.81<br>76.22<br>82.27 | 3768.6<br>4573.2<br>4936.2 | 5024<br>6097<br>6581 | 1256<br>1524<br>1645 |
| 10 | 17/219/1<br>/2<br>/3<br>/4<br>/5 | ബെർലി സിറിയക്ക് | 45.99<br>12<br>6<br>47.99<br>16 | 2759.4<br>720<br>360<br>2879.4<br>960 | 3679<br>960<br>480<br>3839<br>1280 | 920<br>240<br>120<br>960<br>320 |
| 11 | 18/1/1<br>/2<br>/3 | ഡോളി റോസ് | 45.02<br>21.4<br>94.38 | 2701.2<br>1284<br>7550.4 | 3601<br>1712<br>7550 | 900<br>428<br>– |
| 12 | 21/336/1<br>/2 | പി.ജെ.അനിൽ | 50.09<br>55.22 | 3005.4<br>3313.2 | 4007<br>4417 | 1002<br>1104 |
| 13 | 23/84/3<br>/4<br>/5<br>/6 | അയിഷ ബഷീർ | 14.75<br>28.12<br>15.2<br>106.9 | 885<br>1687.2<br>912<br>6414 | 1180<br>2249<br>1216<br>8552 | 295<br>562<br>304<br>2138 |
| 14 | 26/226<br>226/1<br>/2<br>/3 | ടി.കെ. മുഹമ്മദ് | 33<br>33<br>20<br>48 | 1980<br>1980<br>1200<br>2880 | 2640<br>2640<br>1600<br>3840 | 660<br>660<br>400<br>960 |
| 15 | 26/368/5 | സോണി ജോർജ്ജ് | 87.08<br>72.29 | 10449.6 | 13932 | 3483 |

| | | | | | | |
|---|---|---|---|---|---|---|
| | | | 14.79 | | | |
| 16 | 27/261/A1<br>/A2 | ഷാലി T.M. | 70.61<br>70.61 | 4236<br>4236 | 5648<br>5648 | 1412<br>1412 |
| 17 | 47 | നാരായണൻ, എമ്പ്രാമത്തിൽ | 125.43<br>7.42 | 7971 | 10628 | 2657 |
| 18 | 29/191/1<br>/2<br>/3<br>/4<br>/5<br>/6<br>/7<br>/8 | ജോബ് ആന്റണി | 13.57<br>24.22<br>24.22<br>24.22<br>24.22<br>24.22<br>24.22<br>48.45 | 12440.4 | 16587 | 4146 |
| 19 | 33/397/3 | ദേവരാജ് | 89.44<br>75.18 | 9877 | 13169 | 3292 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( No.30) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിലെ മേൽ അപാകതകളും സമാനമായ മറ്റ് അപാകതകളും പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി പിരിവ് , രജിസ്റ്റർ പരിപാലനം - അപാകതകൾ

(എ) 2017-18 വർഷം നഗരസഭാ പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചതിൽ അപാകതകൾ ഉണ്ട്. നഗരസഭയുടെ പ്രധാന വരുമാനമായ തൊഴിൽ നികുതി കാര്യക്ഷമമായി പിരിക്കുന്നതിൽ ജാഗ്രത പാലിക്കേണ്ടതാണ്.പ്രധാന അപാകതകൾ താഴെ പറയുന്നു.

1. നഗരസഭാ പരിധിയിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന (സർക്കാർ,പ്രൈവറ്റ്) ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്ന വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൊഴിൽ നികുതിയിനത്തിൽ നഗരസഭയിൽ എത്ര തുക ലഭിക്കാനുണ്ട്, ലഭിച്ച തുക,ബാലൻസ് ഇവ കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. അതു പോലെ തന്നെ അരിയർ ഡിമാന്റ്,കളക്ഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുകയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഈ രജിസ്റ്ററുകൾ ശരിയായ വിധത്തിൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2. 2017-18 വർഷം നഗരസഭയിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. പ്രൊഫഷണലുകളുടെ തൊഴിൽ നികുതി പിരിക്കേണ്ടതാണ്. ആധാരം എഴുത്തുകാർ, അഡ്വക്കേറ്റുമാർ എന്നിവരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല.

4. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിക്കുന്നതിന് 2017-18 വർഷം ഒരു രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ കൃത്യമായും പൂർണ്ണമായും ചേർത്തിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ ഇല്ലാത്തത് കാരണം അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി പിരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഇല്ല. സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിച്ചതിലും വ്യക്തത ഇല്ല. ആയതിനാൽ 2017-18 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി (ഇൻഡക്സ് സഹിതം ) ഓഡിറ്റ് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

7. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം കണക്കാക്കി മുഴുവൻ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
8. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
മേൽ വിവരിച്ച വിഷയങ്ങളിലെ തുടർനടപടി സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയില്ല.

(ബി)തൊഴിൽ നികുതി രേഖകൾ ലഭ്യമല്ല.
മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും, കമ്പനികളുടേയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടേയും പേര് വിവരങ്ങൾ (വാർഡ് അടിസ്ഥാനത്തിൽ ശേഖരിച്ചത്) അടങ്ങിയ *രജിസ്റ്റർ*, നികുതി ചുമത്താവുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പേര് വിവരങ്ങൾ അടങ്ങിയ *അസസ്സ്മെന്റ് രജിസ്റ്റർ* മുതലായവ മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടില്ല. ഈ രജിസ്റ്ററുകളുടെ അഭാവത്തിൽ തൊഴിൽനികുതിയിനത്തിലുള്ള വരുമാനശോഷണത്തിന്റെ അളവ് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഈ രേഖകളെല്ലാം കാലതാമസമില്ലാതെ തയ്യാറാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. അർദ്ധവാർഷിക വരുമാനപത്രികകൾ ശരിയായ ഫോർമാറ്റിൽ പൂർണ്ണമായ വിവരങ്ങൾ ലഭിക്കത്തക്കവിധത്തിലുള്ളതായിരിക്കണം. കൂടാതെ നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്നവർക്കും

സ്ഥാപനങ്ങൾക്കും (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, കരാറുകാർ, സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള ബിസിനസ്സ് സ്ഥാപനങ്ങൾ,കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ മുതലായവ...) അർദ്ധവാർഷിക തൊഴിൽ നികുതി നിരക്ക് 1250/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു (മുനിസിപ്പൽ ചട്ടങ്ങളിലെ ചട്ടം 3(2) മുതൽ (11) വരെ). എന്നാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകളുടെയെല്ലാം അഭാവത്തിൽ ഈ വിഭാഗത്തിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതിയെന്നതിനാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 2-3 ഡി & ഒ ലൈസൻസ് അനുവദിക്കൽ അപാകതകൾ

a) 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും,ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഈടാക്കേണ്ടതായ ഫീസ് ഈടാക്കിക്കാണുന്നില്ല. ചട്ടം 15 ലെ (7) (1) ഉപചട്ടം പറയുന്ന അധിക ഫീസ് ഈടാക്കി കാണുന്നില്ല. ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട ബൈലോ നഗരസഭ പാസാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. ബൈലോ പാസ്സാക്കിയിട്ടില്ലെങ്കിൽ എപ്രകാരമാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

b)ചട്ടം 12 പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനം ഫാക്ടറിയാണെങ്കിൽ അതിലെ (5) (1) ഉപചട്ടത്തിലെ i,ii,iii ൽ പറയുന്ന രേഖകളും , (9),(8) ഉപചട്ടത്തിൽ പറയുന്ന എ,ബി,സി. യിലെ രേഖകളും ഹാജരാക്കേണ്ടതാണ് എന്ന് അനുശാസിക്കുന്നുണ്ട് .എന്നാൽ ആയത് ഹാജരാക്കി കാണുന്നില്ല.

c)1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ 448 നിയമത്തിലെ (2),(1) ഉപവകുപ്പ് പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണം അപേക്ഷകളിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

d)461നിയമമനുസരിച്ചുള്ള ലൈസൻസ് ഫീസ് ഈടാക്കി കാണുന്നില്ല.

e) ഡി & ഒ അനുവദിക്കുന്ന അപേക്ഷയിൽ ബന്ധപ്പെട്ട സെക്രട്ടറിയോ, ഹെൽത്ത് ഇൻസ്പെക്ടറോ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടി ഡി. & ഒ. ലൈസൻസ് നല്കുന്നതിന് പ്രത്യേകമായി ബൈലോ പാസ്സാക്കിയിട്ടില്ലെന്നും കേരള മുനിസിപ്പാലിറ്റി ഡി & ഒ ചട്ടങ്ങൾ പ്രകാരമാണ് ലൈസൻസ് നല്കുന്നതെന്നുമാണ് . ചട്ടം 12പ്രകാരം പൊല്യൂഷൻ സർട്ടിഫിക്കറ്റ് , ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് തുടങ്ങിയ അവശ്യം വേണ്ടതായ സർട്ടിഫിക്കറ്റുകളൊന്നും തന്നെ ലൈസൻസ് നല്കുന്ന അവസരത്തിൽ നഗരസഭ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ചട്ടം 15 ലെ (7) (1) ഉപചട്ടം പറയുന്ന അധിക ഫീസ് ഈടാക്കി കാണുന്നില്ല.ആയിരത്തോളം ഡി & ഒ ലൈസൻസ് ഉള്ളതിനാൽ തനത് വരുമാനത്തിൽ ധനനഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ മേൽ ചട്ടപ്രകാരമുള്ള നടപടികൾ നഗരസഭ സ്വീകരിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും സമഗ്രമായ പുരോഗതിക്ക് നിദാനമായി നിലകൊള്ളുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് കഴിയണം.

# 2-4 റോഡ് കട്ടിംഗ് ചാർജ് - സാങ്കേതിക നിർദ്ദേശം പാലിച്ചില്ല- നഗരസഭയ്ക് വരുമാനമിനത്തിൽ നഷ്ടം 43.43ലക്ഷം

നഗരസഭയിലെ വിവിധ റോഡുകളിലൂടെ 11KV UG കേബിൾ സ്ഥാപിക്കുന്നതിന് റോഡ് കട്ട് ചെയ്യുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങൾ അനുമതി തേടിയിട്ടുണ്ട്. PWD നാഷണൽ ഹൈവേ ചീഫ് എഞ്ചിനിയറുടെ 31-01-2011 ലെ NH15 D10-1842/85(B) സർക്കുലർ പ്രകാരമുള്ള നിരക്കിലാണ് ടാർ ചെയ്തിട്ടുള്ള റോഡിന്റെ റിസ്റ്റോറേഷൻ ചാർജ് (@3406/-) ഈടാക്കി വരുന്നത്. ടാർ ചെയ്തിട്ടുള്ള റോഡിന്റെ റിസ്റ്റോറേഷൻ വരുന്ന കേസിൽ മിനിമം വീതി 1മീറ്റർ എന്ന് കണക്കാക്കണമെന്ന് മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല. അതിനാൽ റോഡ് കട്ടിംഗ് ചാർജിനത്തിൽ താഴെപ്പറയും പ്രകാരം കുറവ് സംഭവിച്ചു

1.ഫയൽ നമ്പർ - E4 -11104/16

| | |
|---|---|
| അപേക്ഷകൻ | KSEB ഇലക്ട്രിക്കൽ സെക്ഷൻ ,മരട് |
| റോഡ് കട്ട് ചെയ്യേണ്ട നീളം(ടാർ റോഡ് ) | 2301 മീറ്റർ |
| ഈടാക്കിയ തുക | (2301X0.60)@3406=4702324/- |
| രസീത് നമ്പർ/തീയതി | 117020500082/06-06-17 |
| ഈടാക്കേണ്ടിയിരുന്ന തുക | (2301X1)@3406 = 7837206/- |
| കുറവ് | 7837206 - 4702324 = 3134882/- |

2.ഫയൽ നമ്പർ- E4 -729/18

| | |
|---|---|
| അപേക്ഷകൻ | KSEBഇലക്ട്രിക്കൽ സെക്ഷൻ ,മരട് |
| | |

| | |
|---|---|
| റോഡ് കട്ട് ചെയ്യേണ്ട നീളം (ടാർ റോഡ്) | 435മീറ്റർ (425മീറ്ററിനുള്ള കട്ടിംഗ് ചാർജാണ് ഈടാക്കിയത്) |
| ഈടാക്കിയ തുക | (425X0.50)@3496 = 742900/- |
| രസീത് നമ്പർ/തീയതി | 01/117020501057 / 19-03-18 |
| ഈടാക്കേണ്ടി യിരുന്ന തുക | 435X1)@3406 = 1481610/- |
| കുറവ് | 1481610 – 742900 = 738710/- |

3.ഫയൽ നമ്പർ- E4 -5336/2017

| | |
|---|---|
| അപേക്ഷകൻ | സിദ്ധി അപ്പാർട്ട്മെന്റ് , മരട് |
| റോഡ് കട്ട് ചെയ്യേണ്ട നീളം(ടാർ റോഡ്) | 131 മീറ്റർ |
| ഈടാക്കിയ തുക | (131X0.50)@3406=223093/-<br>ക്ലിപ്തപ്പെടുത്തി ഈടാക്കിയ തുക 223100/- |
| രസീത് നമ്പർ/തീയതി | 117020400181/22-02-18 |
| ഈടാക്കേണ്ടിയിരുന്ന തുക | (131X1)@3406 = 446186/- |
| കുറവ് | 446186 -223100 = 223086/- |

4.ഫയൽ നമ്പർ- E4 -10543/2017

| | |
|---|---|
| അപേക്ഷകൻ | സീ വിൻഡ് റി ആൾട്ടേഴ്സ് ഇന്ത്യ പ്രൈ. ലിമിറ്റഡ് |
| റോഡ് കട്ട് ചെയ്യേണ്ട നീളം(ടാർ റോഡ്) | 80 മീറ്റർ |
| ഈടാക്കിയ തുക | 80x0.30x1.5 = 36 m2<br>36 m2 @3406 =122616 + 22070(GST) = 144686/- |
| രസീത് നമ്പർ/തീയതി | 117020400179/17-01-18 |
| ഈടാക്കേണ്ടിയിരുന്ന തുക | (80X1) = 80<br>80 m2 @3406 =272480 (GST ഒഴികെ) |
| കുറവ് | 272480 - 122616 = 149864/- |

5.ഫയൽ നമ്പർ -E4 -180/2017

| | |
|---|---|
| അപേക്ഷകൻ | കെട്ടിട നം XV1/554(2) - പത്മനാഭ ഷേണായി |
| റോഡ് കട്ട് ചെയ്യേണ്ട നീളം(ടാർ റോഡ്) | 58 മീറ്റർ |
| ഈടാക്കിയ തുക | 2x1x1 =2m2<br>58x0.50 = 29 m2<br>ആകെ 31 m2 @3496 =108376 |
| രസീത് നമ്പർ/തീയതി | 117020400163/12-12-17 |
| ഈടാക്കേണ്ടിയിരുന്ന തുക | 2x1 =2m2<br>(58X1) = 58<br>ആകെ 60 m2 @3406 = 204360 |
| കുറവ് | 204360- 108376 = 95984/- |

ആകെ നഷ്ടം

| | |
|---|---|
| ക്രമ നം 1 | 3134882 |
| ക്രമ നം 2 | 738710 |
| ക്രമ നം 3 | 223086 |
| ക്രമ നം 4 | 149864 |
| ക്രമ നം 5 | 95984 |
| ആകെ | 4342526/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 18 തീയതി 11-02-19)മറുപടി നൽകിയില്ല . കുറവു വന്ന തുക ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 റോഡ് കട്ടിംഗ് ചാർജിന് GST ഈടാക്കിയില്ല -കേന്ദ്ര സംസ്ഥാന സർക്കാരിന് നഷ്ടം. 193388/-രൂപ

സർക്കാർ ഉത്തരവ് (അച്ചടി) നം 87/2017തസ്വഭവ തീയതി 01-11-2017 നമ്പർ ഉത്തരവ് പ്രകാരം റോഡ് കട്ടിംഗ് ചാർജിന് GSTബാധകമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിനു ശേഷം അനുമതി നൽകിയിട്ടുള്ള പല റോഡ് കട്ടിംഗിനും GST ഈടാക്കാതിരുന്നത് കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം വരുത്തി വെച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫയൽ നമ്പർ | അപേക്ഷകൻ | ഈടാക്കിയ തുക | രസീത് നമ്പർ/ തീയതി | ഈടാക്കേണ്ട GST @18% |
|---|---|---|---|---|
| E4 -729/18 | KSEB ഇലക്ട്രിക്കൽ | 742900 | 01/117020501057 / 19-03-18 | 133722 |

| | | | | |
|---|---|---|---|---|
| | സെക്ഷൻ ,മരട് | | | |
| E4 -5336/2017 | സിദ്ധി അപ്പാർട്ട്മെന്റ് , മരട് | 223100 | 117020400181/22-02-18 | 40158 |
| E4 -180/2017 | പത്മനാഭ ഷേണായി | 108376 | 117020400163/12-12-17 | 19508 |
| ആകെ | | | | 193388/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല . കുറവു വന്ന തുക ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിർവ്വഹണ ഏജൻസിക്ക് ഫൈനൽ ബില്ലിൽ ചേർത്ത് നൽകിയ സേവന നികുതി 3,93,444/-രൂപ തിരികെ ഈടാക്കണം

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായോ പണി കഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയിൽ സേവന നികുതി ഉൾപ്പെടുത്തുകയും ഫൈനൽ ബിൽ നൽകിയപ്പോൾ ടി ഇനത്തിൽ ആകെ 3 പ്രവൃത്തികളിൽ നിന്ന് **3,93,444**/- രൂപ നിർവ്വഹണ ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള (SILK)-ക്ക് നല്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| പ്രൊജക്ട് നം & ഫയൽ നം. | പ്രൊജക്ടിന്റെ പേര് | ആകെ പ്രവൃത്തി മൂല്യം | സേവന നികുതി @ 6% | പ്രവൃത്തി ചെയ്ത നിർവ്വഹണ ഏജൻസി | ബിൽ നം/ ചെക്ക് നം/ തീയതി |
|---|---|---|---|---|---|
| S0 316/17 E3-71/17 | മുനിസിപ്പൽ കോൺഫറൻസ് ഹാൾ നവീകരണം | 11,91,586 | 71,495 | സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള(SILK) | 158/17-18 28.12.2017 |
| S0 317/17 E3-70/17 | മുനിസിപ്പൽ കൗൺസിൽ ഹാൾ നവീകരണം | 11,01,988 | 66,119 | സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള(SILK) | 159/17-18 28.12.2017 |
| S0 329/17 E3- | മുനിസിപ്പൽ ഓഫീസിന് മുകളിൽ ട്രസ്സ് സ്ഥാപിക്കൽ | 42,63,831 | 2,55,830 | സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള(SILK) | 160/17-18 28.12.2017 |
| | **ആകെ** | | **3,93,444** | | |

മേൽപ്പറഞ്ഞതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 23ന് മറുപടി ലഭ്യമാക്കിയില്ല. മൂന്ന് പ്രവൃത്തികളും മുനിസിപ്പൽ ഓഫീസിലെ അടിസ്ഥാനസൗകര്യവികസനത്തിനായിട്ടുള്ളതാണ്. ആയതിനാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം സേവന നികുതി നിർവ്വഹണ ഏജൻസിക്ക് നല്കേണ്ടതില്ല. അതിനാൽ ഈ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ ചേർത്ത് നല്കിയ ആകെ സേവന നികുതി **3,93,444/-** രൂപ നിർവ്വഹണ ഏജൻസിയായ SILK- ൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# 3-2 5-ാം വാർഡിൽ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ- നടപടിക്രമങ്ങളിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ & ഫയൽ നമ്പർ | എസ് 117/18 & E1- 2004/16 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, നഗരസഭ |
| ചെലവ് തുക | 9,06,189/- ( ചെക്ക് നം. 829987/ 02.08.2017) |

മരട് നഗരസഭയിലെ 5-ാം വാർഡിൽ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ എന്ന പ്രൊജക്ടിൽ ബ്ലോക്ക് നം.III യിൽ സർവ്വെ നം. 37: റീസർവ്വെ നം. 80/7 ൽ ശ്രീ. സജീവ് ടി.പി & ശ്രീമതി. മിനി സുരേഷ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 1.53 ആർ (3.77 സെന്റ് ) -ൻ നിന്ന് 0.6ആർ (1.5 സെന്റ് ) സ്ഥലം നഗരസഭ വാങ്ങി. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരമാണ് നടപടികൾ എടുത്തത്.

1. ശ്രീ.ടി.പി സജീവ് എന്നയാൾ തന്റെയും, സഹോദരിയായ ശ്രീമതി. മിനി സുരേഷിന്റെയും പേരിലുള്ള 1.5 സെന്റ് സ്ഥലം അങ്കണവാടി നിർമ്മാണത്തിനായി ന്യായവിലയ്ക്ക് നല്കാമെന്ന് 30/07/2016-ൽ നഗരസഭയ്ക്ക് കത്ത് നല്കി.

2. സ്ഥല ഉടമസ്ഥത സംബന്ധിച്ച് രേഖകൾ ഹാജരാക്കാൻ ശ്രീ.സജീവിനോട് നഗരസഭ ആവശ്യപ്പെട്ടതിൻ പ്രകാരം ടിയാൻ ഹാജരാക്കിയ രേഖകൾ സഹിതം 6.08.2016 ൽ ന്യായവില നിർണ്ണയത്തിനായി, ആർ.ഡി.ഒ-യ്ക്കും, തുടർന്ന് കണയന്നൂർ തഹസിൽദാർക്കും കത്തയച്ചു. ശ്രീ.സുരേഷ് ഹാജരാക്കിയ രേഖകൾ സഹിതം നഗരസഭ സ്റ്റാൻഡിംഗ് കോൺസലിന് 06.08.2016ൽ നിയമോപദേശത്തിനായും ഫയൽ അയച്ചു. ഈ സ്ഥലത്തിന്റെ പോക്കുവരവ് ശ്രീ.സജീവിന്റെയും, ശ്രീമതി.മിനി സുരേഷിന്റെയും പേരിൽ നടത്തിയിട്ടില്ലെന്നും, 07.06.2016 ലെ ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ ശ്രീ.സജീവിന്റെ മാതാവായ ശ്രീമതി രാധാ പുരുഷോത്തമന്റെ പേരിലായിരുന്നപ്പോൾ ഇതുൾപ്പെട്ട 3.84 ആർ വസ്തു മരട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 5,00,000/- രൂപയ്ക്ക് പണയപ്പെടുത്തിയതാണെന്നും ആയത് സംബന്ധിച്ച് ബാങ്കിൽ നിന്ന് ക്ലിയറൻസ് ലഭിച്ച ശേഷമെ സ്ഥലം വാങ്ങാവൂ എന്നും 17.08.2016 ൽ നിയമോപദേശം ലഭിച്ചു. തുടർന്ന് സ്ഥലം വാങ്ങാൻ ആവില്ലെന്ന് ശ്രീ.സജീവിനെ അറിയിക്കാൻ സെക്രട്ടറി ഫയലിൽ കുറിച്ചു.

3. എന്നാൽ ഈ സ്ഥലത്തിന്റെ ന്യായവില നിശ്ചയിച്ച് തരുവാനായി കണയന്നൂർ തഹസിൽദാർക്ക് കത്ത് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ 11.01.2017ൽ ആർ-ന് 15,10,315/- രൂപ നിരക്കിൽ 0.6 ആർ-ന് 9,06,189/- രൂപ വില നിശ്ചയിച്ച് ലഭിച്ചു. ഈ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ 18.04.2017-ൽ വീണ്ടും നിയമോപദേശത്തിനായി ഫയൽ അയച്ചു. 15.05.2017-ൽ ഇതിന് നല്കിയ മറുപടിയിൽ വാല്യുവേഷന് ആർ.ഡി.ഒ-യുടെ സാധൂകരണം വാങ്ങണമെന്നും, ഉടമസ്ഥത സംബന്ധിച്ച റവന്യൂരേഖകളുടെ അസ്സലുകൾ പരിശോധിച്ച് മാത്രമേ സ്ഥലം വാങ്ങാവൂ എന്നും സ്റ്റാൻഡിംഗ് കോൺസൽ വ്യക്തമാക്കി.

4. 23.05.2017-ലെ നഗരസഭ കൗൺസിൽ തീരുമാനം നം. 15 -ൽ ഉടമസ്ഥത സംബന്ധിച്ച റവന്യൂരേഖകളുടെ അസ്സലുകൾ പരിശോധിക്കുന്നതുൾപ്പെടെയുള്ള നിയമപരമായ നടപടികൾ പൂർത്തിയാക്കി സ്ഥലമുടമയുമായി നഗരസഭയ്ക്ക് അനുകൂലമായ വിധത്തിൽ വിലപേശൽ നടത്തി സ്ഥലം വാങ്ങാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

5. ഈ വിവരം 27.06.2017-ൽ സ്ഥലമുടമകളെ അറിയിച്ച് അസ്സൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് കത്ത് നല്കി. മറുപടി ലഭിക്കാത്തതിനാൽ 01.07.2017-ൽ സ്ഥലമുടമകൾക്ക് വീണ്ടും നഗരസഭ കത്ത് നല്കി. ഒപ്പം തന്നെ സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നല്കണമെന്ന് അഭ്യർത്ഥിച്ച് 10/07/2017-ൽ സബ് രജിസ്ട്രാർക്കും കത്ത് നല്കിയിരുന്നു.

6. എന്നാൽ സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിക്കിട്ടാൻ കാലതാമസം എടുക്കുമെന്നും, അതുവരെ സ്ഥല ഉടമസ്ഥർ കാത്തുനിൽക്കാതെ സ്ഥലം മറിച്ചുവിൽക്കാൻ സാധ്യതയുണ്ടെന്നും, അടിയന്തിരമായി സ്ഥലം വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ട ഡിവിഷൻ കൗൺസിലർ വാക്കാൽ ആവശ്യപ്പെട്ടതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും നഗരസഭ ഫണ്ടിൽ നിന്ന് ചെലവഴിച്ച് സ്ഥലം വാങ്ങാമെന്ന് 14.07.2017-ലെ കൗൺസിൽ അജണ്ട നോട്ട് പ്രകാരം 20.07.2017-ലെ നഗരസഭാ കൗൺസിൽ തീരുമാനം നം. 35 പ്രകാരം ഭരണാനുമതിയും, സാമ്പത്തികാനുമതിയും നല്കി തീരുമാനിച്ചു.

7. സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും ഒടുക്കുന്നതിന് 28.07.2017 ൽ വാർഡിന്റെ ചുമതലയുള്ള ഓവർ സീയർക്ക് 1,00,000/- രൂപ (ചെക്ക്.നം. 827977/28.07.17) നല്കി. ഇതിൽ 90,730/- രൂപ ചെലവഴിച്ച് ബാക്കി 9270/- രൂപ ടിയാൻ 26.08.2017- ൽ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

**ഈ ഭൂമി വാങ്ങൽ ഇടപാടിൽ താഴെപ്പറയുന്ന വീഴ്ചകൾ സംഭവിച്ചതായി കാണുന്നു.**

1. Sy.No. 37: Re.sy No.80/7 എന്ന വസ്തുവിന്റെ 3618/1980 of SRO തൃപ്പൂണിത്തുറ എന്ന ആധാരപ്രകാരമുള്ള 3.84 ആർ വസ്തു 07/06/2006 ലെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നം. 6375/ 16 പ്രകാരം 08/12/2009 മുതൽ ശ്രീമതി. രാധാ പുരുഷോത്തമന്റെ പേരിൽ മരട് സർവ്വീസ് സഹകരണ ബാങ്കിൽ പണയപ്പെടുത്തിയതാണെന്ന് കാണുന്നുണ്ട്. ഈ ബാദ്ധ്യത അവസാനിപ്പിച്ച് ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ബാങ്കിൽ നിന്നും, ഒഴിമുറി ആധാരം രജിസ്റ്റർ ചെയ്ത് സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭ്യമാക്കി രേഖകൾ ഹാജരാക്കിയതിന് ശേഷമേ സ്ഥലം വാങ്ങാവൂ എന്ന നിയമോപദേശം ലഭിച്ചത് പാലിച്ചതായി കാണുന്നില്ല. ശ്രീമതി രാധാ പുരുഷോത്തമൻ മരണപ്പെട്ടശേഷം നിയമപരമായ അവകാശികളായ ശ്രീ. ടി.പി സജീവിന്റെയും, ശ്രീമതി. മിനി സുരേഷിന്റെയും പേരിൽ പോക്കുവരവ് ചെയ്ത രേഖയും, ബാങ്കുമായുള്ള ബാദ്ധ്യത അവസാനിച്ചതായ രേഖകളും ഫയലിൽ ഇല്ല.

2. തഹസിൽദാരുടെ വാല്യുവേഷൻ പ്രകാരം ന്യായവില നിശ്ചയിക്കപ്പെട്ടെങ്കിലും, ആയതിന് ആർ.ഡി.ഒ യുടെ സാധൂകരണം വാങ്ങണമെന്നും നിയമോപദേശം ഉണ്ടായിരുന്നു. ഇതിനുവേണ്ടി ആർ.ഡി.ഒ-ക്ക് കത്തയച്ചിരുന്നുവെങ്കിലും, മറുപടിക്ക് കാത്തുനിൽക്കാതെ ഇടപാട് നടത്തുകയായിരുന്നു എന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്.

3. 23.05.2017 ലെ 15-ാം നമ്പർ തീരുമാനപ്രകാരം രേഖകളുടെ ആധികാരികത ഉറപ്പാക്കി 0.6 ആർ സ്ഥലം വാങ്ങുന്നതിനും, ഭൂമി സംബന്ധിച്ച റവന്യൂ വിശദാംശങ്ങളും നഗരസഭയ്ക്ക് അനുകൂലമായ വിധത്തിൽ ഉടമയുമായി വില പേശുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ച ശേഷം, പിന്നീട് 14.07.2017-ലെ കൗൺസിൽ അജണ്ട നോട്ട് 20.07. 2017 ലെ 35-ാം നമ്പർ തീരുമാനപ്രകാരം ഈ ഭൂമി രജിസ്ട്രേഷൻ ഫീസും, സ്റ്റാമ്പ് ഡ്യൂട്ടിയും ഉൾപ്പെടെ വാങ്ങാൻ തീരുമാനമെടുക്കുകയാണുണ്ടായത്. അതേ സമയം മുൻ തീരുമാനമനുസരിച്ച് അസ്സൽ രേഖകൾ പരിശോധിച്ചതായിട്ടോ, ഉടമസ്ഥരുമായി നഗരസഭയ്ക്ക് അനുകൂലമായ രീതിയിൽ വിലപേശൽ നടത്തിയതായിട്ടോ ഫയലിൽ കാണുന്നില്ല.

4. സ്ഥലവില്പന രജിസ്റ്റർ ചെയ്യുന്നതിനായി 1,00,000/- രൂപ അഡ്വാൻസായി നല്കണമെന്ന് നഗരസഭ ചെയർപേഴ്സൺ 11.07.2017-ൽ നല്കിയ നിർദ്ദേശത്തെത്തുടർന്ന് 11.07.2017-ൽ തന്നെ ഓവ്വസീയർക്ക് 1,00,000/- രൂപ (ചെക്ക് നം. 389922/ 11.07.17) എഴുതിയിരുന്നു. എന്നാൽ 12.07.2017-ൽ ഈ ചെക്ക് ക്യാൻസൽ ചെയ്യാൻ ചെയർപേഴ്സൺ ഉത്തരവിട്ടു. ഈ ഇടപാടിൽ നിയമോപദേശം എടുത്തപ്പോൾ ബാദ്ധ്യത വരും എന്ന കാരണത്താൽ കൗൺസിൽ കൂടി തീരുമാനമാക്കിയിട്ട് അഡ്വാൻസ് കൊടുത്താൽ മതി എന്നാണ് ഫയലിൽ നോട്ട് കാണുന്നത്. കൂടാതെ തുടർന്ന് വരുന്ന ഓഫീസ് നോട്ടുകളിലും സ്ഥലമുടമയുമായി അഡ്വാൻസ് കരാറോ, നിയമോദേശ പ്രകാരം ഹാജരാക്കണമെന്ന് നിർദ്ദേശിച്ച രേഖകളോ ഹാജരാക്കാതെ തുക അനുവദിക്കാൻ കഴിയില്ലെന്ന നിലപാടാണ് അക്കൗണ്ട്സ് സെക്ഷൻ കൈക്കൊണ്ടത് എന്ന് ഫയൽ നോട്ടുകളിൽ കാണുന്നു.

5. എന്നാൽ പിന്നീട് രജിസ്ട്രേഷൻ ഫീസും, സ്റ്റാമ്പ് ഡ്യൂട്ടിയും ഉൾപ്പെടെ നഗരസഭാഫണ്ടിൽ നിന്ന് ചെലവഴിച്ച് ഭൂമി വാങ്ങാൻ 20.07 2017 ലെ 35-ാം നമ്പർ പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനമെടുത്തശേഷമാണ് 1,00,000/- രൂപ രജിസ്ട്രേഷൻ ഫീസും, സ്റ്റാമ്പ് ഡ്യൂട്ടിയും അടയ്ക്കുന്നതിനും, 9,06,189/- രൂപ ഭൂമിവിലയായും നല്കിയത്.

6. ആധാരം രജിസ്റ്റർ ചെയ്തതായി ഫയലിൽ നോട്ട് മാത്രമേ കാണുന്നുള്ളൂ. ആധാരത്തിന്റെ പകർപ്പോ, വസ്തു നഗരസഭാ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകളോ, സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് നടത്തി കരമടച്ചതിന്റെ രേഖകളോ, ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റോ ഫയലിൽ ഇല്ല.

മേൽപ്പറഞ്ഞ വസ്തുതകളിൽ വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ " ഒരു ചെറിയ അങ്കണവാടി നിർമ്മിക്കാൻ അനുയോജ്യമാണെന്ന് " മുനിസിപ്പൽ എൻജിനീയർ റിപ്പോർട്ട് ചെയ്തതായി 19.05.2017ലെ അജണ്ടാ കുറിപ്പിൽ സെക്രട്ടറി രേഖപ്പെടുത്തിയിട്ടുള്ളതായ 1.5 സെന്റ് ഭൂമി വാങ്ങാനായി നഗരസഭാ ഫണ്ടിൽ നിന്ന് 9,96,919/- രൂപ ചെലവാക്കി നടത്തിയ ഈ ഭൂമി വാങ്ങലിന്റെ നടപടിക്രമങ്ങളിൽ 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിയലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

എന്നിരുന്നാലും ഇത്രയും തുക ചെലവാക്കി വാങ്ങിയ 1.5 സെന്റ് ഭൂമി രജിസ്റ്റർ ചെയ്തതിനു ശേഷം നിലവിൽ ബാദ്ധ്യതപ്പെട്ടതല്ലായെന്ന് ഉറപ്പുവരുത്തി, മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ വസ്തു പോക്കുവരവ് നടത്തുകയും, മുനിസിപ്പാലിറ്റിയുടെ ആസ്തിയായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ടി സ്ഥലത്ത് അങ്കണവാടിയുടെ നിർമ്മാണം എത്രയും വേഗം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

# 3-3 എസ്.സി ഫ്ലാറ്റ് നിർമ്മാണം - പ്രൊജക്ട് ആരംഭിക്കുന്നതിൽ കാലതാമസം

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ. | 307/18 & S0385/18 |
| ഫയൽ നമ്പർ | E2/E1-6736/15 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

**I. കൺസൾട്ടൻസി കരാർ നല്കിയത് സംബന്ധിച്ച്**

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മരട് നഗരസഭയിലെ 30-ാം വാർഡിൽ വാങ്ങിയ 19.5 സെന്റ് സ്ഥലത്ത് എസ്.സി വിഭാഗത്തിൽപ്പെട്ട ഭൂരഹിത -ഭവനരഹിതരായവർക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നല്കുന്നതിനായി നഗരസഭ പ്രൊ.നം. S0385/18 എന്ന പ്രൊജക്റ്റിൽ 40,00,000/- രൂപ എസ്.സി.പി ഫണ്ട് വകയിരുത്തി അംഗീകാരം വാങ്ങിയിരുന്നു. ഇതിന് പ്രാരംഭമായി Detailed Project Report(DPR), എസ്റ്റിമേറ്റ്, പ്ലാൻ, സോയിൽ ടെസ്റ്റ് എന്നിവ തയ്യാറാക്കുന്നതിനായി ഓപ്പൺ ടെണ്ടർ വിളിക്കുന്നതിന് 13.07.2016- ലെ കൗൺസിൽ തീരുമാനം നം. 12 പ്രകാരം തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഇന്റഗ്രൽ സൊലൂഷൻസ് എന്ന സ്ഥാപനത്തിന്റെ 7,90,000/- രൂപയുടെ ടെണ്ടർ കൗൺസിൽ അംഗീകരിച്ചിരുന്നു.

ഇന്റഗ്രൽ സൊലൂഷൻസുമായി വെച്ച കരാറിലെ വ്യവസ്ഥകൾ താഴെപ്പറയുന്നവ ആയിരുന്നു.

| | | |
|---|---|---|
| 1 | 30 % of the Total Fee on finalisation & Acceptance of Plan | 2,70,000 |
| 2 | 40 % of the Total Fee on submission of Structural Design | 3,16,000 |
| 3 | 30 % of the Total Fee on submission of Estimate & Fire Drawing | 2,37,000 |
| | Total Fee | 7,90,000 |
| | 18 % CGST & SGST | 1,42,200 |
| | Grand total | 9,32,200 |

ഇന്റഗ്രൽ സൊലൂഷൻസ് -ന് കൺസൾട്ടൻസി ചാർജിനത്തിൽ നല്കിയ തുക

| | | | | |
|---|---|---|---|---|
| 1 | Advance | 1,00,000 | | ചെക്ക്.നം.036902/ 28.10.2017 |
| 2 | Ist Part Bill | 5,52,540 | (9,32,200-100000)x70%= 582540<br>Limited to 552540 | ട്രഷറി ബിൽ നം. 95/17-18<br>24/02/2018 |
| 3 | II nd & Final Bill | 1,95,762 | 237000-71100 (2,37000 x 30% ) = 165900 + 29862(18% GST)= 195762/- | ചെക്ക് നം.802814/ 21.11.2018 |
| | Total | 8,48,302 | | |

1.ഇന്റഗ്രൽ സൊലൂഷൻസ് -മായി ഒപ്പുവെച്ച കരാർ പ്രകാരം അഡ്വാൻസ് നല്കാൻ വ്യവസ്ഥയില്ലായിരുന്നുവെങ്കിലും കരാർ ഒപ്പുവെച്ച ഉടൻതന്നെ 1,00,000/- രൂപ മുൻകൂർ നല്കി. കെട്ടിടത്തിന്റെ പ്ലാൻ സമർപ്പിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമാണ് ആദ്യ ഗഡു തുകയായി 30 % തുക നല്കേണ്ടതുള്ളു.

2. രണ്ടാം ഗഡു തുക നല്കേണ്ടത് സ്ട്രക്ചറൽ പ്ലാൻ സമർപ്പിച്ച ശേഷവും, മൂന്നാം ഗഡു തുക നല്കേണ്ടത് എസ്റ്റിമേറ്റും, ഡ്രോയിംഗും നല്കിയ ശേഷമാണ് എന്നുമാണ് കരാർ വ്യവസ്ഥ. എന്നാൽ രണ്ടും, മൂന്നും ഗഡുക്കൾ ഒന്നിച്ച് നല്കുകയാണുണ്ടായത്. പിന്നീട് അവസാന ഗഡു തുക നല്കിയപ്പോൾ ഇലക്ട്രിക്കൽ ഡിസൈൻ തയ്യാറാക്കാത്തതിനാൽ ബാക്കി നല്കാനുള്ള തുകയുടെ 30% പിടിച്ച് വെച്ചിട്ടാണ് തുക നല്കിയത്. ഇപ്രകാരം ആകെ സർവ്വീസ് ടാക്സ് ഉൾപ്പെടെ 8,48,302/- രൂപയാണ് ഇന്റഗ്രൽ സൊലൂഷൻസിന് കൺസൾട്ടൻസി ചാർജിനത്തിൽ നല്കിയിരിക്കുന്നത്.

എന്നാൽ ഇന്റഗ്രൽ സൊലൂഷൻസ് നല്കിയ സ്ട്രക്ചറൽ ഡിസൈനിൽ 5 നില കെട്ടിടത്തിനാണ് പ്ലാൻ തയ്യാറാക്കിയത്. ഇത് 06.09.2018-ൽ ഫയർ എൻ.ഒ.സി-ക്ക് സമർപ്പിച്ചപ്പോൾ പ്രൊപ്പോസ്ഡ് കെട്ടിടത്തിന്റെ റോഡ് ആക്സസ്സ് വീതി കുറവാണെന്ന കാരണത്താൽ എൻ.ഒ.സി ലഭിച്ചില്ല. തുടർന്ന് 5 നില കെട്ടിടം എന്ന പ്ലാൻ മാറ്റേണ്ടിവരികയും, പകരം 3 നില കെട്ടിടത്തിന് ഡിസൈൻ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്യേണ്ടിവന്നു. ഈയൊരു കാരണം കൊണ്ട് കെട്ടിടനിർമ്മാണത്തിനായി 03.03.2018 ൽ കരാർ വെച്ച് പ്രവൃത്തി ഏല്പിച്ചിരുന്ന നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് നല്കേണ്ടി വരികയും, ആയതിനാൽ നാളിത് വരെയും പണി ആരംഭിക്കാൻ കഴിയാതെ വരികയും ചെയ്തു.

**II. നാളിത് വരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തത് സംബന്ധിച്ച്**

പ്രൊജക്റ്റ് നമ്പർ. എസ് 0385/18 – എസ്.സി ഫ്ലാറ്റ് നിർമ്മാണം എന്ന പദ്ധതിക്ക് 40,00,000/- രൂപ അടങ്കൽ തുകയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചതിനെത്തുടർന്ന്, 03.03.2018ലെ 42-ാംനമ്പർ കൗൺസിൽ തീരുമാനപ്രകാരം 30-ാം വാർഡിലെ 19.5 സെന്റ് സ്ഥലത്ത് 5 നില ഫ്ലാറ്റ് നിർമ്മിക്കുന്നതിനായുള്ള നിർവ്വഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ആയതിന്റ അടിസ്ഥാനത്തിൽ നഗരസഭയും, ജില്ലാ നിർമ്മിതി കേന്ദ്രം പ്രൊജക്റ്റ് മാനേജരും 03.03.2018 -ൽ കരാർ ഒപ്പുവെച്ചു. 23.03.2018-ൽ

നിർമ്മിതികേന്ദ്രയ്ക്ക് വർക്ക് ഓർഡർ നല്കി. ഈ വർക്ക് ഓർഡർ കൈപ്പറ്റി 12 മാസത്തിനകം പണി പൂർത്തിയാക്കി കൈമാറണമെന്നായിരുന്ന വ്യവസ്ഥ. എന്നാൽ നിർമ്മിതി കേന്ദ്രം ഈ വർക്ക് ഓർഡർ കൈപ്പറ്റിയതായി ഫയലിൽ കാണുന്നത് 08.06.2018-ൽ മാത്രമാണ്.

എന്നാൽ കരാർ വ്യവസ്ഥ പ്രകാരം അടങ്കലിന്റെ 20% (8,00,000/- രൂപ) തുക മൊബലൈസേഷൻ അഡ്വാൻസായി 30.05.2018-ൽ തന്നെ നിർമ്മിതികേന്ദ്രയ്ക്ക് നല്കി. (7,84,000/- + 16,000/- IT through NEFT on 30.05.2018)

ഇതിന് ശേഷം 2018-19 ൽ എസ്.0208/19 നം. പ്രൊജക്ടായി 64,12,400/- അടങ്കൽ ഉൾപ്പെടുത്തി ഇതേ കെട്ടിടനിർമ്മാണത്തിന് പുതിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയതായാണ് കാണുന്നത്. ഇപ്പോൾ മൊത്തം 1,03,03,460/- രൂപയുടെ സാങ്കേതികാനുമതി ഉള്ള പ്രൊജക്ടാണ് നിർവ്വഹണ ഏജൻസിയെ ഏല്പിച്ചിരിക്കുന്നത്. പുതുക്കിയ എസ്റ്റിമേറ്റിന് നിർമ്മിതി കേന്ദ്രം നഗരസഭയുമായി പുതിയ എഗ്രിമെന്റ് വെയ്ക്കാനായി കരട് സമർപ്പിച്ചിരിക്കുന്ന ഘട്ടത്തിലാണ് പ്രൊജക്ടിന്റെ നിലവിലെ അവസ്ഥ.

<u>**ഈ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച താഴെപ്പറയുന്ന പ്രകാരം അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 27 മുഖേന ചൂണ്ടിക്കാണിച്ചിരുന്നു.**</u>

1. 20.03.2018 ൽ നിർമ്മിതി കേന്ദ്രയുമായി കരാർ ഏർപ്പെട്ട് പ്രവൃത്തി ഏല്പിച്ച് കൊടുക്കുവാൻ തീരുമാനിച്ചപ്പോൾ ഇന്റഗ്രൽ സൊല്യൂഷൻസ് ഡിസൈൻ ചെയ്ത 5 നില ഫ്ലാറ്റ് സമുച്ചയത്തിന്റെ സ്ട്രക്ചറൽ പ്ലാനായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ 06.09.2018-ൽ ഫയർ എൻ.ഒ.സി-ക്ക് സമർപ്പിച്ചപ്പോൾ പ്രൊപ്പോസ്ഡ് കെട്ടിടത്തിന്റെ റോഡ് ആക്സസ്സ് വീതി കുറവാണെന്ന കാരണത്താൽ എൻ.ഒ.സി ലഭിച്ചില്ല. തുടർന്ന് 5 നില എന്നത് 3 നില എന്നാക്കി ചുരുക്കി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ തീരുമാനിക്കുകയാണുണ്ടായത്. എന്നാൽ പിന്നീട് 64,12,400/- രൂപ കൂടി അടങ്കൽ ഉൾപ്പെടുത്തി ഇതേ കെട്ടിടനിർമ്മാണത്തിന് ആകെ 1,04,12,400/- രൂപ പുതുക്കിയ അടങ്കലിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തത്.

2. കൺസൾട്ടൻസി കരാർ കൊടുത്ത ഇന്റഗ്രൽ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് കരാർ തുകയുടെ 90% വും നല്കിക്കഴിഞ്ഞ ശേഷമാണ് സ്ട്രക്ചറൽ ഡിസൈനും, പ്ലാനും മാറ്റി പുതുക്കിയ പ്ലാൻ ഉണ്ടാക്കേണ്ടിവന്നത്. തയ്യാറാക്കിയ പ്ലാനും, ഡിസൈനും അംഗീകരിക്കപ്പെട്ടില്ലെങ്കിൽ കരാറനുസരിച്ച് ഈ സ്ഥാപനം തന്നെയാണ് പുതുക്കിയ സ്ട്രക്ചറൽ ഡിസൈനും, പ്ലാനും തയ്യാറാക്കേണ്ടത് എന്നിരിക്കെ, ഇതേ സ്ഥാപനത്തെക്കൊണ്ടാണോ ആയത് തയ്യാറാക്കിയത് എന്ന് വ്യക്തമല്ല.

3. 23.03.2018-ൽ നിർമ്മിതി കേന്ദ്രയ്ക്ക് വർക്ക് ഓർഡർ നല്കിയെങ്കിലും, അവരത് കൈപ്പറ്റിയതായി കാണുന്നത് 08.06.2018 -ൽ മാത്രമാണ്. വർക്ക് ഓർഡർ കൈപ്പറ്റി 12 മാസത്തിനകം പണി പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ എന്നിരിക്കെ വർക്ക് ഓർഡർ കൈപ്പറ്റാൻ തന്നെ മൂന്ന് മാസമെടുത്തു എന്നത് എന്തു കൊണ്ടെന്ന് വ്യക്തമല്ല. എന്നാൽ വർക്ക് ഓർഡർ പോലും കൈപ്പറ്റാത്ത സാഹചര്യത്തിലും നിർമ്മിതി കേന്ദ്രയ്ക്ക് 20% (8,00,000/- രൂപ) 30.05.2018-ൽ അഡ്വാൻസ് എന്തുകൊണ്ട് നല്കി എന്നതിനും വിശദീകരണം ലഭ്യമാക്കിയില്ല.

4. നിലവിൽ തയ്യാറാക്കിയിരിക്കുന്ന 1,03,03,460/- രൂപയുടെ എസ്റ്റിമേറ്റ് 7.5 % കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഉൾപ്പെട്ട നിരക്കിലാണ്. 18.05.2007 ലെ GO (MS) 133/07/LSGD ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ മരാമത്ത് പ്രവൃത്തികൾ ഏല്പിക്കുമ്പോൾ ഷെഡ്യൂൾ നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നടപ്പിലാക്കാൻ സാധ്യത ആരായണമെന്ന് നിർദ്ദേശമുണ്ടെന്നിരിക്കെ 7.5 % CP ഉൾപ്പെട്ട നിരക്കിലെ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യിക്കുന്നത് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകും എന്നതിനാൽ നിർമ്മിതി കേന്ദ്ര തയ്യാറാക്കിയ ഈ എസ്റ്റിമേറ്റ് അംഗീകരിച്ച് കരാർ ഒപ്പ് വെയ്ക്കുന്നത് സംബന്ധിച്ച് നഗരസഭ പുനർവിചിന്തനം ചെയ്യേണ്ടതാണ്.

നഗരസഭയുടെ ഒരു ഫ്ലാഗ് ഷിപ്പ് പ്രൊജക്ടിന്റെ ഡിസൈനിംഗ് ഒരു ടെക്നിക്കൽ കൺസൾട്ടന്റിന് കരാർ കൊടുത്തതിന് ശേഷവും ഡിസൈനിംഗിലെ ദീർഘവീക്ഷണമില്ലായ്മ മൂലം പദ്ധതി ആരംഭിക്കാൻ പോലും കഴിയാത്തവണ്ണം ഡിസൈൻ മാറ്റേണ്ടിവരികയും, പിന്നീട് അക്രഡിറ്റഡ് ഏജൻസിക്ക് മൊബലൈസേഷൻ അഡ്വാൻസ് കൊടുത്തിട്ട് കരാർ കാലാവധി കഴിയാറായിട്ടും പണി ആരംഭിക്കാൻ പോലും കഴിയാത്ത സാഹചര്യം ഉണ്ടായതും നഗരസഭാ കൗൺസിൽ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം – ചെലവ് രേഖകൾ പൂർണ്ണമല്ല.- തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ & ഫയൽ നമ്പർ | എസ് 064/18 & E3 -6164/17 |
| ചെലവ് തുക | 1) 987900/- (26/17-18 23.12.2017)<br>2) 854400/- (28/17-18 15.01.2018)<br><u>3) 827700/- </u>(42/17-18 18.01.2018)<br><u>26,70,000/-</u> |

03.04.2017 ലെ ജി.ഒ (എം.എസ് ) നം. 80/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള 13-ാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് ഡിപ്ലോമ, ബിരുദം, ബിരുദാനന്തര കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 30,000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്പ് ടോപ്പുകൾ വാങ്ങി നല്കാവുന്നതാണ്. ആയതിന് ടി വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യപത്രം, പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഈ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ എന്നിവ ഹാജരാക്കേണ്ടതാണ്.

എന്നാൽ 2017-18 സാമ്പത്തികവർഷം മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം" എന്ന ( പ്രൊ.നം.എസ് 064/18) 30,00,000/- രൂപ വികസന ഫണ്ട് വകയിരുത്തിയതിൽ 26,30,000/- രൂപ ചെലവായതായി സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ കാണുന്നു.) പ്രൊജക്ടിന്റെ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആകെ എത്ര വിദ്യാർത്ഥികൾ അപേക്ഷിച്ചു, എത്ര പേർക്ക് നല്കി എന്ന് വ്യക്തമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. 36 വിദ്യാർത്ഥികളുടെ അപേക്ഷകളും, അനുബന്ധരേഖകളും ആണ് ഹാജരാക്കിയത്. ഇതിൽ തന്നെ ഒമ്പത് (9) വിദ്യാർത്ഥികൾ ഏത് കോഴ്സിന്, ഏത് സ്ഥാപനത്തിൽ പഠിക്കുന്നു എന്ന് കാണിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല.

2. ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയത് ടെൻഡർ മുഖേനയെങ്കിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും, ഏത് വെണ്ടറിൽ നിന്നാണ് വാങ്ങിയതെന്നും ഉള്ള യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

3. ഈ പദ്ധതിയിൽ ഒരു കമ്പ്യൂട്ടറിന് ചെലവാക്കാവുന്ന പരമാവധി തുക 30,000/- രൂപയാണ്. അതിനാൽ 26,70,000/- രൂപ ചെലവഴിച്ച് 89 ലാപ്പ് ടോപ്പുകൾ പരമാവധി വാങ്ങാം. എന്നാൽ എത്ര കമ്പ്യൂട്ടറുകൾ വാങ്ങി എന്നോ, വിതരണം ചെയ്തു എന്നോ വ്യക്തമാക്കുന്ന ചെലവ് രേഖകൾ , സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1തീയതി 06-02-19)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്ക് വേണ്ടി ചെലവായ 26,70,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-5 75 വയസ് കഴിഞ്ഞവർക്കുള്ള സഹായ ഉപകരണം -സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് കസേര , ഊന്നുവടി എന്നിവ വിതരണം ചെയ്തു.

| | |
|---|---|
| പ്രോജക്ട് നം | S 0398/18 |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ , UPAD , മരട് നഗരസഭ |
| ചെലവ്വ വിവരം | ബിൽ നം -33/22-03-18 , 334027/- രൂപ |
| ഫയൽ നമ്പർ | PH 10381/17 |

ടി പ്രോജക്ട് പ്രകാരം 75 വയസ് കഴിഞ്ഞവർക്ക് കട്ടിൽ, ഈസി ചെയർ , ഊന്നുവടി എന്നിവ നൽകുന്നതിനായി KADCO ൽ നിന്നും വാങ്ങിയതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| കട്ടിൽ | 33 | @4350 | 143550 |
| ഈസി ചെയർ | 33 | @4307 | 142131 |
| ഊന്നുവടി | 33 | @1465 | 48345 |
| ആകെ | | | 334027 |

സ.ഉ (എം.എസ്) നമ്പർ 80/2017 തസ്വഭവ തീയതി 03-04-17 സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകാം. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 12.4 പ്രകാരം വൃദ്ധർക്ക് ഊന്നുവടി ,കസേര എന്നിവ വാങ്ങി നൽകുന്നത് അനുവദനീയമല്ലായെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇവ നൽകുന്നതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ വൃദ്ധർക്ക് വളരെയധികം പ്രയോജനപ്പെട്ടുവെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി.സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ഇവ വാങ്ങി നൽകിയത് ശരിയായ നടപടിയല്ല. സബ്സിഡി

മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഏതൊരിനത്തിനും തുക ചെലവഴിക്കേണ്ടി വരുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുവാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

**ബി)** വിതരണം ചെയ്യുന്നതിനായി 33 ഈസി ചെയറും 33 ഊന്നുവടികളും വാങ്ങിയിട്ടുണ്ടെങ്കിലും ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം യഥാക്രമം 29ഉം 4ഉം എണ്ണം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. വിതരണ രേഖയുടെ അഭാവത്തിൽ 4 കസേരയുടെ വിലയായ 17228/-( 4 @ 4301) രൂപയും 29 ഊന്നുവടികളുടെ വിലയായ 42485/-( 29 @ 1465) രൂപയും ഉൾപ്പെടെ ആകെ 59713രൂപ തടസ്സപ്പെടുത്തുന്നു.

# 3-6 സൈക്കിൾ വിതരണം - 10-ാം ക്ലാസ് കഴിഞ്ഞവർക്ക് നൽകിയത് സബ്സിഡി മാർഗ്ഗരേഖ ലംഘനം

പ്രോജക്ട് നമ്പർ S0073/18

നിർവ്വഹണം -പ്രോജക്ട് ഓഫീസർ , UPAD , മരട് നഗരസഭ

ചെലവ് വിവരം - ബിൽ നം -16/14-03-18 , 382100/- രൂപ

**എ)** ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ച് നവീൻ എക്സിം ട്രേഡ് അസോസിയേറ്റ്സ് ,പള്ളുരുത്തിയിൽ നിന്നും 70 സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷത്തെ ലിസ്റ്റിൽ ഉൾപ്പെട്ട 37പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. 12-03-18 ൽ ലഭിച്ച സൈക്കിൾ വിതരണം ചെയ്തപ്പോൾ 10-ാം ക്ലാസ് കഴിഞ്ഞ താഴെപ്പറയുന്ന 4 പേർക്ക് നൽകാനിടയായി.(2016-17 വർഷം 10-ാം ക്ലാസിൽ പഠിച്ചിരുന്നവർ).

| | |
|---|---|
| 1 | ആദിത്യ പ്രസാദ് , പാടത്തറ , വാർഡ് -18 |
| 2 | മീനാക്ഷി ഷാലു , കളത്തിത്തറ വാർഡ് -15 |
| 3 | അനഘ ദിനേശ് , മേഘ നിവാസ് വാർഡ് -15 |
| 4 | വരുൺ കൃഷ്ണൻ , തേവർപറമ്പിൽ വാർഡ് -10 |

സ.ഉ (എം.എസ്) നമ്പർ 80/2017 തസ്വഭവ തീയതി 03-04-17സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം 8,9,10 ക്ലാസിൽ പഠിക്കുന്നവർക്കാണ് സൈക്കിൾ വാങ്ങി നൽകാവുന്നത്. സബ്സിഡി മാർഗ്ഗരേഖ നിബന്ധന ലംഘിച്ച് മേൽപ്പറഞ്ഞവർക്ക് സൈക്കിൾ നൽകിയത് ശരിയായ നടപടിയില്ല. ഇത്തരം പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി അർഹരായവർക്ക് നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം സൈക്കിൾ നൽകേണ്ടത്. ആയത് പാലിച്ചതായും കാണുന്നില്ല.സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 വയോജനങ്ങൾക്ക് ഭക്ഷണം - പോഷകാഹാര കിറ്റ് നൽകിയത് സബ്സിഡി മാർഗ്ഗരേഖ ലംഘനം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0030/18 |
| അടങ്കൽ | 501600/- |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ , UPAD , മരട് നഗരസഭ |
| ചെലവുവിവരം (ബിൽ നം) | തുക |
| 10 /12-01-18 | 78866/- |
| 11/12-01-18 | 76562/- |
| 12/12-01-18 | 95372/- |
| 3/24-01-18 | 249200/- |
| ആകെ | 500000/- |

**എ)** നഗരസഭയിലെ 660 വയോജനങ്ങൾക്ക് ഒരു ഘട്ടത്തിൽ 330 പേർ വീതം രണ്ടു ഘട്ടങ്ങളായി 760/- രൂപ വില വരുന്ന

പോഷകാഹാര കിറ്റ് നൽകുന്നതിന് തൻവർഷം 5 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിന് വികസനഫണ്ട് ചെലവഴിക്കുന്നതിന് സ.ഉ.(എം.എസ്) നമ്പർ 80/2017 തസ്വഭവ തീയതി 03-04-17 സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല. പകൽ വീട്ടിൽ വരുന്ന വയോജനങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം നൽകുവാൻ വ്യവസ്ഥയുണ്ടെങ്കിലും പോഷകാഹാര കിറ്റ് വിതരണം ചെയ്യുവാൻ അനുമതിയില്ല. ഇവ നൽകുന്നതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ഇവ വാങ്ങി നൽകിയത് ശരിയായ നടപടിയില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഏതൊരിനത്തിനും തുക ചെലവഴിക്കേണ്ടി വരുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ബി)**എറണാകുളം ജില്ലാ ഹോൾസെയിൽ കോ - ഓപ്പറേറ്റിവ് കൺസ്യൂമേഴ്സ് സ്റ്റോർ ലിമിറ്റഡ് നം E-122 ന്റെ 14-12-17ൽ നൽകിയ 60-ാം നമ്പർ ഇൻവോയ്സ് പ്രകാരം കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങളുടെ നിരക്ക് നഗരസഭയെ അറിയിച്ചിരുന്നു. ഈ നിരക്ക് അംഗീകരിച്ചിട്ടുണ്ടെന്നും അതനുസരിച്ച് ഒന്നാം ഘട്ടത്തിൽ 330 പേർക്ക് ഭക്ഷണസാധനങ്ങൾ 5 ദിവസത്തിനകം എത്തിച്ചു തരണമെന്നും 15-12-17ൽ നൽകിയ സപ്ലൈ ഓർഡറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സാധനങ്ങൾ 21-12-17ൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിൽ ഭക്ഷണസാധനങ്ങൾ 15-01-18ൽ വിതരണം ചെയ്തതിന് കപ്പലണ്ടി 500g ന് 57/- രൂപയ്ക്ക് പകരം 70/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഉയർന്ന വില ഈടാക്കിയതിനാൽ അധികം നൽകേണ്ടി വന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഈടാക്കിയത് | 328 @ 70 = 22960/- |
| ഈടാക്കാവുന്നത് | 328 @ 57 = 18696 |
| അധികം നൽകിയത് | 22960 – 18696 = 4264/- |

**സി)** ബ്രോക്കൺ വീറ്റ് 2kg പാക്കറ്റ് ഒന്നിന് 132/- (125.71 +5% GST) രൂപ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത് . ഇതേ സ്ഥാപനത്തിൽ നിന്നും നഗരസഭയിലെ അങ്കണവാടികളിലേക്ക് ബ്രോക്കൺ വീറ്റ് വാങ്ങിയപ്പോൾ 2018 മാർച്ചിൽ കിലോഗ്രാമിന് 42.50/- രൂപ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്. കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങളുടെ പട്ടികയിൽ ബ്രോക്കൺ വീറ്റ് ഉൾപ്പെടുത്താതിരുന്നതിനാൽ കൺസ്യൂമേഴ്സ് സ്റ്റോറിന്റെ 14-12-17ൽ നൽകിയ 60-ാം നമ്പർ ഇൻവോയ്സിൽ ഇതിന്റെ വില സൂചിപ്പിച്ചിരുന്നില്ല. അതിനാൽ ഉയർന്ന നിരക്കിൽ ബ്രോക്കൺ വീറ്റിന്റെ തുക നൽകേണ്ടി വന്നു.

ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 ബക്കറ്റ് കമ്പോസ്റ്റ് വിതരണം - മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0186/17 |
| നിർവ്വഹണം - | പ്രോജക്ട് ഓഫീസർ , UPAD , മരട് നഗരസഭ |
| ചെലവു വിവരം - ബിൽ നം | തുക |
| 8/15-11-17 | 492500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 18/15-03-18 | 295500/- (വികസന ഫണ്ട്) |

ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ബക്കറ്റ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ പ്രോജക്ടിന്റെ ധനകാര്യ വിശകലനം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വികസന ഫണ്ട് | 298900 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 495000 |
| | |

| | |
|---|---|
| തനത് ഫണ്ട് | 691100 |
| ഗുണഭോക്തൃവിഹിതം | 165000 |
| ആകെ (1650 എണ്ണത്തിന്) | 1650000 |

(എ) 10% ആണ് ഗുണഭോക്തൃ വിഹിതമായി പ്രോജക്റ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതനുസരിച്ച് 100/-രൂപ വീതമാണ് ഒരു ഗുണഭോക്താവിൽ നിന്നും ഇടാക്കിയിട്ടുള്ളത് . സ.ഉ (എം.എസ്) നമ്പർ 4/2016 തസ്വഭവ തീയതി 11-01-16 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബക്കറ്റ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിന് 90% ആണ് സബ്സിഡിക്ക് അർഹത. 90% സബ്സിഡിയിൽ 75% സർക്കാരും (ശുചിത്വ മിഷൻ മുഖേന) 15% നഗരസഭയുമാണ് വഹിക്കേണ്ടത്. ഇതനുസരിച്ച് നഗരസഭ ചെലവഴിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

ബക്കറ്റ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (@ 985/-)ക്വോട്ട് ചെയ്ത ആലപ്പി ബയോടെക്ക് എന്ന സ്ഥാപനത്തിൽ നിന്നും തൻ വർഷം 800എണ്ണം വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| 800 ബക്കറ്റ് കമ്പോസ്റ്റിന്റെ വില | 800 @985 = 788000 |
| ചെലവഴിച്ചത് | 788000 (492500 +295500) |
| നഗരസഭയ്ക്ക് ചെലവഴിക്കാവുന്ന സബ്സിഡി (15%)<br>ഈടാക്കിയ ഗുണഭോക്തൃ വിഹിതം<br>(800 @100)<br>ആകെ | 118200<br><u>80000</u><br>198200 |
| ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുക | 589800 (788000-198200) |

ടി പ്രോജക്റ്റിന് ശുചിത്വ മിഷനിൽ നിന്നുള്ള തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) 800 ബക്കറ്റ് കമ്പോസ്റ്റ് വാങ്ങിയതിന് വികസനഫണ്ടും ധനകാര്യ കമ്മീഷൻ ഗ്രാന്റുമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃവിഹിതം 100 രൂപ വീതം പിരിച്ചെടുത്തിട്ടുള്ളത് നഗരസഭാ ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടെങ്കിലും ആയത് തൻവർഷം ചെലവഴിച്ചിട്ടില്ല. ഈ പദ്ധതി പ്രകാരം പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആദ്യ ഘട്ടത്തിൽ ബക്കറ്റ് കമ്പോസ്റ്റ് വാങ്ങുകയും അവസാനം ഗുണഭോക്തൃ വിഹിതം ഉപയോഗിച്ചും വാങ്ങിക്കുന്നതിനാണ് തീരുമാനമെന്നും എന്നാൽ ഗുണഭോക്താക്കൾ ആവശ്യാനുസരണം ഇല്ലാത്തതിനാലാണ് ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതിരുന്നതെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. ടി തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ആദായനികുതി ഈടാക്കിയില്ല.- നഷ്ടം 27118/- രൂപ

നഗരസഭ UPAD പ്രോജക്റ്റ് ഓഫീസർ താഴെപ്പറയുന്ന പ്രോജക്റ്റുകൾക്കായി ടെണ്ടർ ക്ഷണിച്ച് വാങ്ങൽ / പരിശീലനം നടത്തിയതിന് തുക അനുവദിച്ചപ്പോൾ ആദായനികുതി ഈടാക്കിയില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് | കരാറുകാരൻ | ചെലവ് | ഈടാക്കേണ്ട | റിമാർക്സ് |
|---|---|---|---|---|

| | | വിവരം (ബിൽ നം) | ആദായ നികുതി (2%) | |
|---|---|---|---|---|
| കുടുംബശ്രീ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം | റോയൽ ലേഡീസ് MDS | 28/28-03-18 രൂപ 275000/- | 5500/- | ആദായനികുതി ഈടാക്കുന്നതാണെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. |
| വിവിധ ഹാളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ | പ്രകൃതി ,തൈക്കാട്ടുകര | 24/22-03-18 രൂപ 399000/- | 7980 | സ്ഥാപനത്തിൽ നിന്നും റിട്ടേൺ ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം | സിയോൺ ഏജൻസീസ് | 17/15-03-18 രൂപ 480000/- | 9600 | ആദായനികുതി ഈടാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കേണ്ടതാണ്. |
| ബക്കറ്റ് കമ്പോസ്റ്റ് വിതരണം | ആലപ്പി ബയോടെക്ക് | 8/15-11-17 രൂപ 492500/- (GST കിഴിച്ചുള്ള തുക 403850/-) | 4038/ (8077 രൂപയിൽ 4039/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.) | ആദായ നികുതി ഈടാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 1% നിരക്കിലാണ് ആദ്യബില്ലിൽ ഈടാക്കിയിട്ടുള്ളത്. |
| ആകെ | | | 27118 | |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും കുറവു വന്ന തുക ഈടാക്കേണ്ടതാണ്.

# 3-10 കുടുംബശ്രീ സി.ഡി.എസ്- മോണിറ്ററിംഗ് കാര്യക്ഷമമാക്കണം

മരട് നഗരസഭയിലെ കുടുംബശ്രീ സി.ഡി.എസ് -ന്റെ പേരിൽ നിലവിൽ 7 ബാങ്ക് അക്കൗണ്ടുകളാണ് ഉള്ളത്. ആയതിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമനം. | അക്കൗണ്ടിന്റെ പേര് / | ബാങ്ക് | 01.04.2017 ലെ മുന്നിരിപ്പ് | 31.03.2018 ലെ നീക്കിയിരുപ്പ് | Remarks |
|---|---|---|---|---|---|
| 1 | സി. ഡി.എസ്- Own Fund | Bank of Baroda Maradu Br. | 13,43,558/- | 1059456/- | |
| 2 | ആശ്രയ | Andhra | 3161891/- | 3265795/- | |

| | | | | | |
|---|---|---|---|---|---|
| | (Plan Fund & Challenge Fund ) | Bank Maradu Br. | | | |
| 3 | NULM | Andhra Bank Maradu Br. | 1468740/- | 65030/- | |
| 4 | Revolving Fund | Bank Of India Maradu Br. | 10,86,740/- | 11,28,398/- | |
| 5 | SCA Fund for Training & Infrastructure | Bank Of India Maradu Br. | 103024/- | 106973/- | |
| 6 | Farmer's Facilitation Center (FFC) | Bank Of India Maradu Br. | 314747/- | 326812/- | Non Operative account |
| 7 | Marketing Facilitation Center (MFC) | Bank Of India Maradu Br. | 1049157/- | 1089374/- | Non Operative account |

മരട് നഗരസഭയിലെ സി.ഡി.എസ് -ന്റെ മേൽപ്പറഞ്ഞ അക്കൗണ്ടുകളിൽ 1)സി. ഡി.എസ്- Own Fund ,2) ആശ്രയ (Plan Fund & Challenge Fund ), 3) NULM എന്നീ മൂന്ന അക്കൗണ്ടുകൾ ഒഴിച്ച് ബാക്കി 4 അക്കൗണ്ടുകളും Non -Operative അക്കൗണ്ടുകളാണ്.

A) അതിൽത്തന്നെ Farmer's Facilitation Center (FFC) എന്ന അക്കൗണ്ടിൽ 19.01.2015-ൽ കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് ലഭിച്ച 3,00,000/- രൂപ Joint Labour Group(JLG) -കൾക്ക് നല്കാനായിട്ടുള്ളതായിരുന്നു. എന്നാൽ ഈ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.

B) അതുപോലെ Marketing Facilitation Center(MFC) എന്ന അക്കൗണ്ടിൽ 19.01.2015-ൽ കുടുംബശ്രീ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കാനായി കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് 10,00,000/- രൂപ നല്കിയിരുന്നു. എന്നാൽ ഈ രീതിയിലുള്ള യാതൊരു പ്രവർത്തനങ്ങളും നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി കാണുന്നില്ല. ഈ തുകയും ചെലവഴിക്കാതെ ബാങ്കിൽ ഉണ്ട്.

C) വിവിധ കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംസംരംഭകത്വ സ്കീമുകൾക്കായി നഗരസഭയിൽ നിന്ന് മുൻ വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്ന് നല്കിയ തുകയിൽ 11,28,398/- രൂപ ബാങ്ക് ഓഫ് ഇന്ത്യ, മരട് ബ്രാഞ്ചിലെ അക്കൗണ്ടിൽ 31.03.2018-ൽ നീക്കിയിരിപ്പായി ഉണ്ട്. ബാങ്ക് ലിങ്ക്ഡ് ലോണായി അനുവദിച്ച തുകയിലെ സബ്സിഡി വിഹിതമാണ് ഇപ്രകാരം ബന്ധപ്പെട്ട യൂണിറ്റുകൾക്ക് കൈമാറാതെ CDS അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത്.

ഗ്രേഡിംഗ് നടത്തി അർഹത നേടിയ യൂണിറ്റുകൾക്ക് എന്തു കൊണ്ട് സബ്സിഡി തുക കൈമാറിയില്ലായെന്നും, പ്രസ്തുത യൂണിറ്റുകൾക്ക് ബാങ്ക് ലോൺ ലഭ്യമായിട്ടുണ്ടോയെന്നും, ഈ യൂണിറ്റുകൾ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്നുമുള്ള വിവരങ്ങൾ അന്വേഷിക്കുവാനും, ആയതിന്റെ മോണിറ്ററിംഗ് നടത്തുവാനും നഗരസഭാ കൗൺസിലിനും, ക്ഷേമകാര്യ-വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും നിയമപരമായ ബാദ്ധ്യതയുണ്ട് എന്നിരിക്കെ ആയതിൽ അലംഭാവം സംഭവിച്ചതിനാലാണ് നഗരസഭ മുൻവർഷങ്ങളിൽ നല്കിയ സബ്സിഡി തുക പോലും വിതരണം ചെയ്യപ്പെടാതെ സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്നത് .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മുഖ്യ ഏജൻസിയായി കുടുംബശ്രീ സി.ഡി.എസി-നെ നിശ്ചയിച്ചുകൊണ്ട് ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും നിലവിലുള്ളതാണ്. ഇത് സംബന്ധിച്ച് 29.07.2011 ലെ ജി.ഒ (ആർ.ടി) 1812/2011/ ത.സ്വ.ഭ.വ ഉത്തരവിലെയും മറ്റ് ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണോ നഗരസഭയിലെ സി.ഡി.എസ് സംവിധാനം പ്രവർത്തിക്കുന്നതെന്നും, നഗരസഭ വഴി നല്കുന്ന ഫണ്ടുകളുടെ അക്കൗണ്ടുകൾ സി.ഡി.എസ് മെമ്പർ സെക്രട്ടറി മോണിറ്ററിംഗ് ചെയ്യുന്നുണ്ടെന്നും നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

# 3-11 വൈദ്യൂതി താരിഫ് മാറ്റം സംബന്ധിച്ച്

മരട് നഗരസഭയിലെ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്ന ട്രാഫിക്ക് സിഗ്നലുകൾക്ക് വൈദ്യുതി താരിഫ് നിലവിലെ ബിൽ അനുസരിച്ച് LT 6 (B) ആണ്.എന്നാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 1007/F&T/2016/KSERC/2017-18 തീയതി 17.04.2017 ലെ ഉത്തരവ് പ്രകാരം ട്രാഫിക്ക് സിഗ്നലുകൾക്ക് . LT 8(B) ആണ് ബാധകം. , LT6B, LT 8B എന്നിവയുടെ താരിഫ് താഴെ ചേർക്കുന്നു.

| താരിഫ് | LT-VI B | LT-8B |
|---|---|---|
| ഫിക്സഡ് ചാർജ് | 70/- | 40/- |
| എനർജി ചാർജ് 3 ഫേസ് | | 120 |
| Rs/KW/Month | | |
| 1000 യൂണിറ്റ് വരെ | 6.30 | 3.90 |
| 1000 യൂണിറ്റിന് മുകളിൽ | 7.00 | |

അർഹതയുള്ള LT 8B താരിഫ് അനുസരിച്ച് 1000 യൂണിറ്റ് വരെ 3.90 രൂപയാണ് ഒരു യൂണിറ്റിന് വരുന്നത്. എന്നാൽ LT6 B യ്ക്ക് 1000യൂണിറ്റ് വരെ 6.30 രൂപയാണ്.തെറ്റായ താരിഫ് നിർണ്ണയം മൂലം പ്രതിമാസം ഇരട്ടിത്തുക വൈദ്യുതിചാർജിനത്തിൽ നഗരസഭ ഒടുക്കേണ്ടതായി വരുന്നു.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.തെറ്റായ താരിഫ് നിർണ്ണയം മൂലം നഗരസഭയ്ക്ക് ഓരോ വർഷവും വലിയ സാമ്പത്തിക നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിനാൽ എത്രയും വേഗം താരിഫ് മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-12 പ്രവർത്തനക്ഷമമല്ലാത്ത ബോട്ടിന്റെ ഇൻഷ്വറൻസ് അടവാക്കി

നഗരസഭയുടെ പരിധിയിൽ വരുന്ന അമ്പലക്കടവ് -തേവര ഫെറിയിൽ സർവ്വീസ് നടത്തുന്ന പ്രിയദർശിനി 2 എന്ന ബോട്ടിന്റെ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ ലഭ്യമാക്കുന്നത് സംബന്ധിച്ച് സർവ്വേ ഫീ ഇനത്തിൽ കൊടുങ്ങല്ലൂർ പോർട്ട് കൺസർവ്വേഷൻ ഓഫീസിൽ ചെക്ക് നം 632006 തിയതി 08.12.17 ൽ 1125/- രൂപയും ചെക്ക് നം 631968 തീയതി 08.11.17 ൽ 1125/- രൂപയും അടവാക്കിയിട്ടുണ്ട്. കൂടാതെ ഈ ബോട്ടിന്റെ **ഇൻഷ്വറൻസ്** ഇനത്തിൽ 15.11.17ൽ ചെക്ക് നം 03697 പ്രകാരം 9306 രൂപ 100200221GP-113078615 പോളിസി നമ്പർ പ്രകാരം അടവാക്കിയിട്ടുണ്ട്. നിലവിൽ ഈ ഫെറിയിൽ നഗരസഭ വാടകയ്ക്ക് എടുത്ത ബോട്ടാണ് സർവ്വീസ് നടത്തുന്നത്. നിലവിൽ നഗരസഭയുടെ കീഴിലുള്ള പ്രവർത്തനക്ഷമമല്ലാത്ത പ്രിയദർശിനി 2 എന്ന ബോട്ടിന്റെ **ഇൻഷ്വറൻ**സും സർവ്വേ ഫീയും അടവാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ഈ ബോട്ടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 08-02-19 ൽ നല്കിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 11556 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

# 3-13 അശ്വമേധം ബസ്സ്-നഗരസഭയ്ക്ക് ബാധ്യതയാകുന്നു

2008 ൽ മരട് നഗരസഭ, ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിലാണ് അശ്വമേധം (കെ.എൽ 39-എ.7580)എന്ന പേരിൽ ബസ് സർവ്വീസ് ആരംഭിച്ചത്. ചാരിറ്റബിൾ ആക്ട് പ്രകാരമാണ് കുടുംബശ്രീ പ്രവർത്തകർക്ക് വേണ്ടി ഈ വാഹനം പഞ്ചായത്ത് വാങ്ങിയത്. എന്നാൽ ഈ വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട ഫയലുകളൊന്നും നഗരസഭയിൽ ലഭ്യമല്ല. 2011ൽ ഇ 3- 6327/11 എന്ന പേരിൽ ഒരു ഫയൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ബസ്സ് വാങ്ങിയതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ ഇതിൽ ലഭ്യമല്ല. 10 വനിതകളിൽ നിന്നും 10000 രൂപ വീതം ഷെയറായി വാങ്ങിക്കൊണ്ടാണ് ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുള്ളത്.എന്നാൽ കുടുംബശ്രീ പ്രവർത്തകർക്ക് ഈ വാഹനം നോക്കി നടത്തുവാൻ കഴിയാതെ വന്നപ്പോൾ ബഹു. നഗരസഭ ചെയർമാന്റെ തീരുമാന പ്രകാരം ഒരു കുടുംബശ്രീ പ്രവർത്തകയുടെ ഭർത്താവിനെ ഡ്രൈവറായി നിയമിച്ചുകൊണ്ട് പ്രതിദിനം 500/-രൂപ വാടകയിനത്തിൽ നഗരസഭയ്ക്ക് നൽകണമെന്ന വ്യവസ്ഥയിൽ വാഹനത്തിന്റെ സർവ്വീസ് ആരംഭിക്കുകയാണ് ചെയ്തത്. ഈ വാഹനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ താഴെച്ചേർക്കുന്നു.

1) ബസ്സ് സർവ്വീസ് നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭ പുതിയ ബൈലോ തയ്യാറാക്കിയതായി ഫയലിൽ കാണുന്നില്ല.

2) 02.06.2016 ലെ കൗൺസിൽ തീരുമാനം 9(4) പ്രകാരം ബസ്സിനായി തുക ഷെയറായി നല്കിയ 10 വനിതകൾക്ക് തുക മടക്കി നല്കുന്നതിന് തീരുമാനമെടുത്തിരുന്നു.പ്രസ്തുത തുക തിരികെ നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) ബസ്സ് വാടകയ്ക്കെടുത്ത വ്യക്തികളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുള്ള തുക ഈടാക്കുവാൻ 07.06.2016 ലെ കൗൺസിൽ തീരുമാനം 14 പ്രകാരം എടുത്തിരുന്നു. ആയത് പ്രകാരം എത്ര രൂപ കുടിശ്ശികയിനത്തിൽ നഗരസഭയ്ക്ക് ലഭ്യമായിട്ടുണ്ടെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)2017-18 വർഷം ബസ് സർവ്വീസ് നടത്തുന്നതിനായി 24.05.2017 ൽ കെ.എ സൈമൺ, കരിശ്ശുപറമ്പിൽ ,പൂണിത്തുറ, കൊച്ചി എന്ന വ്യക്തിയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 10 പ്രകാരം ടാക്സ് , ഇൻഷുറൻസ്, ക്ഷേമനിധി മറ്റ് നിയമാനുസൃത തുക മുതലായവ കരാറുകാരൻ വഹിക്കേണ്ടതാണ്. 2017-18 ൽ ഈ വാഹനത്തിന്റെ ടാക്സ്, ക്ഷേമനിധി, ഇൻഷുറൻസ് ,ടാക്സ് കൺസൾട്ടന്റ് ഫീ എന്നീ ഇനങ്ങളിലായി 158551/- രൂപ ( ടാക്സ് 127500/-ചെക്ക്നം 064382 തീ 12.05.17, ക്ഷേമനിധി ,ടാക്സ് കൺസൾട്ടന്റ് ഫീ 27841/-ചെക്ക്നം 389880 തീ 22.06.17 , പത്രപരസ്യം 3210/- ചെക്ക്നം 036934 തീ 02.11.17) നഗരസഭ അടവാക്കിയിട്ടുണ്ട്. കരാറുകാരൻ അടവാക്കേണ്ടിയിരുന്ന തുക നഗരസഭ അടവാക്കി. വാടകയിനത്തിൽ ഇദ്ദേഹം നഗരസഭയിൽ അടവാക്കിയ തുകയുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5) ഈ ബസ് സർവ്വീസ് ആരംഭിച്ചത് മുതൽ ഇതുവഴി വരുമാനമിനത്തിൽ നഗരസഭയ്ക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ വിവരിച്ച പ്രകാരം കരാറുകാരൻ അടവാക്കേണ്ട തുക നഗരസഭ അടവാക്കിയിട്ടുള്ളതിനാൽ കരാർ തീയതിക്ക് ശേഷം നഗരസഭ ഒടുക്കിയ തുകയായ 27841/- ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-14 തെരുവ് വിളക്ക് മീറ്ററിംഗ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്.ഇ.ബി. നല്കുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്നും നിർദ്ദേശിക്കുന്നു. 03.08.2012ലെ കൗൺസിൽ തീരുമാനം VIII(5)പ്രകാരം നഗരസഭയിലെ തെരുവ് വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേക്കാക്കുവാൻ നഗരസഭ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ചുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയിലെ തെരുവ് വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് പൂർണ്ണമായും മാറ്റിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

2)തെരുവ് വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിന്നാവശ്യമായ വിശദമായ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി നഗരസഭയ്ക്ക് നല്കിയിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമല്ല.

3) 25.09.2015 ലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തൃപ്പൂണിത്തുറ നല്കിയ DB/PPS/12-13/1193 കത്ത് പ്രകാരം മീറ്ററിംഗിനാവശ്യമായ തുകയുടെ 50% തുകയായ 1192500/- രൂപ 03.08.2012ലെ കൗൺസിൽ തീരുമാനം VIII(5) പ്രകാരം നല്കുവാൻ തീരുമാനിച്ചിരുന്നു അത് നൽകിയതിന്റെയും തുകയുടെ വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി നല്കിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

മേൽ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. ഇനിയുംതെരുവ് വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ലെങ്കിൽ സർക്കാർ നിർദ്ദേശ പ്രകാരം അടിയന്തരമായി മാറ്റേണ്ടതാണ്.

# 3-15 കരാറിൽ ഏർപ്പെട്ടിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.200/17-18, ഭവന നിർമ്മാണം |
| അടങ്കൽ, ഫണ്ട് | 2640000/- (എസ്.സി.പി) |
| ചെലവ് | 99000/- |
| ബിൽ നം ,തീയതി | 1,3,8,9,10/17-18 തീയതി.31.08.17,12.01.18,<br>20.03.18, 28.03.18,28.03.18 |

2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. 7 ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത്. ഈ ഗുണഭോക്താക്കളുമായി നിർവ്വഹണോദ്യോഗസ്ഥൻ എഗ്രിമെന്റ് വച്ചിട്ടില്ല. 1959 ലെ സ്റ്റാമ്പ് ആക്ട് പ്രകാരം (കേരള ഫിനാൻസ് ബില്ല് 2013 പതിമൂന്നാം നിയമസഭയുടെ ബില്ല് നം 212 പ്രകാരം) 200 രൂപ മുദ്രപത്രത്തിൽ ഗുണഭോക്താക്കളുമായി പട്ടികജാതി വികസന ഓഫീസർ കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടാതിരുന്നതിനാൽ (7 X 200 =1400) 1400/- രൂപ സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്. 203/17-18, ഭവന പൂർത്തീകരണം |
| അടങ്കൽ, ഫണ്ട് | 70000/- രൂപ (എസ്.സി.പി) |
| ചെലവ് | 66000/- രൂപ |
| ബിൽ നം ,തീയതി | 4,7/17-18 തിയതി 12.01.18, 28.02.18 |

കെ.കെ.തങ്കമ്മ,കട്ടത്തറപ്പാടം, മരട് പി.ഒ, പ്രതീഷ്.സി.പി,ചേരാപുരത്ത് , മരട്.പി.ഒ എന്നി ഗുണഭോക്താക്കളുമായി നിർവ്വഹണോദ്യോഗസ്ഥൻ എഗ്രിമെന്റ് വച്ചിട്ടില്ല. മാത്രമല്ല 1959 ലെ സ്റ്റാമ്പ് ആക്ട് പ്രകാരം (കേരള ഫിനാൻസ് ബില്ല് 2013 പതിമൂന്നാം നിയമസഭയുടെ ബില്ല് നം 212 പ്രകാരം) 200രൂപ മുദ്രപത്രത്തിൽ ഗുണഭോക്താക്കളുമായി പട്ടികജാതി വികസന ഓഫീസർ കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുമായി കരാർ ഏർപ്പെടാതിരുന്നതിനാൽ രൂ.400/- (2*200=400) രൂപ സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനും വിശദീകരണം നല്കേണ്ടതാണ്.

3)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.202/17-18, ഭവന പുനരുദ്ധാരണം |
| അടങ്കൽ, ഫണ്ട് | 387500/-രൂപ ( എസ്.സി.പി) |
| ചെലവ് | 187500/- രൂപ |
| ബിൽ നം ,തീയതി | 2,5,6/17-18 തിയതി 06.01.18,12.01.18, 28.02.18 |

2016-17 ൽ ആരംഭിച്ച പദ്ധതിയാണിത്. ഓരോ ഗുണഭോക്താവിനും 25000/- രൂപ വീതമാണ് ഭവന പുനരുദ്ധാരണത്തിനായി അനുവദിച്ചിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ 12500/- രൂപ വീതം 15 ഗുണഭോക്താക്കൾക്ക് നല്കിയിരുന്നു. പദ്ധതി പൂർത്തിയാകാത്തതിനെത്തുടർന്ന് സ്പിൽ ഓവർ ആയതിനാൽ തനത് സാമ്പത്തിക വർഷത്തിൽ 12500 രൂപ വീതം 15 ഗുണഭോക്താക്കൾക്ക് നല്കി. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വച്ചിട്ടില്ല. കൂടാതെ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. അതില്ലാതെ സബ്സിഡി തുക മുഴുവനായും അനുവദിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടാതിരുന്നതിനാൽ (15 x200=3000) 3000/- രൂപ സംസ്ഥാന സർക്കാറിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെയും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധവുമായാണ് നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയത്. കൂടാതെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സംസ്ഥാന സർക്കാറിന് ലഭിക്കേണ്ടിയിരുന്ന 4800 /-രൂപ ഓഡിറ്റിൽ നഷ്ടമായി വിലയിരുത്തുന്നു. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 3-16 നായകൾക്ക് ലൈസൻസ് നൽകിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 2/17-18 പേവിഷ നിർമ്മാർജ്ജന യജ്ഞം |
| അടങ്കൽ,ഫണ്ട് | 20000/-രൂപ (വികസനഫണ്ട്) |
| ബിൽ നം. തീയതി | 08/17-18 ,21.02 .2018 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്റിനറി സർജൻ |
| ചെലവ് | 16500/-രൂപ |

മേൽ സൂചിത പ്രോജക്ട് പ്രകാരം വെറ്റിനറി സർജൻ സമർപ്പിച്ച റാബീസ് ഫ്രീ കേരള വാക്സിനേഷൻ പ്രോഗ്രാം രജിസ്റ്റർ പ്രകാരം 363 നായ്ക്കൾക്ക് വാക്സിനേഷൻ നല്കിയിട്ടുണ്ട്. ആയതിന്റെ സർട്ടിഫിക്കറ്റ് ഡിവിഷൻ കൗൺസിലർമാർക്ക് നല്കിയിട്ടുണ്ട്. വളർത്തു നായ ലൈസൻസ് നഗരസഭയിൽ നിന്നും നല്കിയിട്ടുണ്ടെങ്കിൽ ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 11 നല്കിയതിന് ഹാജരാക്കിയ ഫയലിൽ കേവലം 27 നായകൾക്ക് മാത്രമാണ് നഗരസഭയിൽ നിന്ന് ലൈസൻസ് നല്കിയിട്ടുള്ളൂ. 75/-രൂപയാണ് ഒരു നായയുടെ ലൈസൻസ് ഫീസായി നഗരസഭ ഈടാക്കിയിട്ടുള്ളത്. വാക്സിനേഷൻ പ്രോഗ്രാം രജിസ്റ്റർ പ്രകാരം 363 നായകൾക്ക് 75/- രൂപ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിരുന്നെങ്കിൽ 27225/- രൂപ നഗരസഭയക്ക് ലഭിക്കുമായിരുന്നു. എന്നാൽ ഈയിനത്തിൽ കേവലം 2025/- രൂപ മാത്രമേ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളൂ.ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശരിയായി മോണിട്ടറിംഗ് നടത്തിയിരുന്നുവെങ്കിൽ നഗരസഭാ പരിധിയിലുള്ള 365 നായകളുടെ ലൈസൻസ് ഫീസിനത്തിൽ 25200/- രൂപ നഗരസഭയ്ക്ക് ലഭിക്കുമായിരുന്നു.

# 3-17 സൌജന്യ ബോട്ട് സർവീസ്- കരാറിനു തീയതി ഇല്ല-അധിക നിരക്ക്, ആദായനികുതി എന്നിവയിൽ നഷ്ടം

നെട്ടൂർ തേവര ഫെറി ബോട്ട് സർവീസ് നടത്തിയതിന് കരാറുകാരനായ ശ്രീ. ജോയ് ജോസഫിന് തുക അനുവദിച്ചതിൽ,(File no. R2 3586/17) താഴെപ്പറയുന്ന അപാകതകൾ കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൌച്ചർ നം. | ചെക്ക് നം.,തിയതി | തുക | പ്രതിദിന നിരക്ക് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | 52-4/17 | 814704/18.04.17 | 40,000 | 10x4000 | 01.04.17 to 10.04.17 |
| 2 | 24-5/17 | 894973/09.05.17 | 76,000 | 19 x4000 | 11.04.17 to 30.04.2017 less 1day |
| 3 | 94-5/17 | 064418/23.05.17 | 60,000 | 15x4000 | 1.5.17 to 15.05.17 |
| 4 | 99-6/17 | 389883/22.06.17 | 60,000 | 15 x 4000 | 1.06.17 to 15.06.17 |
| 5 | 37-7/17 | 389919/11.07.17 | 60,000 | 15x4000 | 16.06.17 to 30.06.17 |
| 6 | 39-8/17 | 829994/07.08.17 | 54,300 | 15x3620 | 16.07.17 to 31.07. 17 |
| 7 | 46-9/17 | 895942/25.09.17 | 54,300 | | @3620(കരാർ |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രകാരമുള്ള നിരക്ക് ) |
| 8 | 69-10/17 | 036905/28.10.17 | 54,300 | | " |
| 9 | 62-11/17 | 036963/15.11.17 | 54,300 | | " |
| 10 | 112-11/17 | 631993/29.11.17 | 54,300 | | " |
| 11 | 53-12/17 | 632024/14.12.17 | 54,300 | | " |
| 12 | 64-01/18 | 818912/11.01.18 | 57,920 | | " |
| 13 | 69-03/18 | 662381/12.03.18 | 47,060 | | " |
| 14 | 110-03/18 | 662413/22.03.18 | 54,300 | | " |
| | ആകെ | | 7,81,080 | | |

11.04 2017 ലെ ഫയൽ നോട്ടിൽ ടി ബോട്ട് സർവീസിൻെറ കരാർ , വാടക എന്നിവ സംബന്ധിച്ച് യാതൊരു തീരുമാനവും സെക്ഷനിൽ ലഭിച്ചിട്ടില്ല എന്നും ബോട്ടിൻെറ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതുമാണെന്നും ചേർത്തിരിക്കുന്നു. 2017-18 ബജറ്റ് പ്രഖ്യാപനത്തെ തുടർന്ന് ബോട്ട് സർവീസ് സൌജന്യമാക്കിയതിനാൽ ആദ്യ ക്വട്ടേഷൻ റദ്ദാകുകയും വീണ്ടും ക്വട്ടേഷനും തുടർന്ന് നെഗോസിയേഷനും പ്രകാരം തുക നിശ്ചയിക്കപ്പെട്ടതായും കാണുന്നു. നിലവിലെ കരാർ സംബന്ധിച്ച് ഫയലിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ക്വട്ടേഷൻ തീയതി | 12.05.2017 | തുക പ്രതിദിനം | 3645/- |
| നെഗോസിയേഷൻ കത്തിൻെറ തീയതി | 19.05.2017 | തുക പ്രതിദിനം | 3620/- |
| നഗരസഭാ കൌൺസിൽ ക്വട്ടേഷൻ/നെഗോസിയേഷൻ അംഗീകരിച്ച തീയതി | 07.06.2017 | തുക പ്രതിദിനം | 3620/- |
| കരാർ ഒപ്പുവച്ച തീയതി | കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | തുക പ്രതിദിനം | 3620/- |
| കരാറുകാരന് പ്രതിദിനം അനുവദിച്ചിരിക്കുന്ന തുക | 30.06.2017 വരെ | തുക പ്രതിദിനം | 4000/- |

ഇതു സംബന്ധിച്ച് താഴെപ്പറയുന്നവയ്ക്ക് വ്യക്തത ഇല്ല.

തുടക്കം മുതൽ പ്രതിദിനം 4000 രൂപ പ്രകാരം തുക നിശ്ചയിച്ചത് എന്ത് അടിസ്ഥാനത്തിലാണ്, 19.05.17 ലെ നെഗോസിയേഷനും തുടർന്ന് 07.06.17 ലെ കൌൺസിൽ തീരുമാനത്തിനും ശേഷവും 30.06.2017 വരെ പ്രതിദിനം 3620 രൂപയ്ക്കു പകരം 4000 രൂപ കരാറുകാരന് നൽകിയതിൻെറ കാരണം, കരാറിൻെറ തീയതി, ബോട്ടിൻെറ ഫിറ്റ്നസ്സ്, ഇൻഷ്വറൻസ്, ലൈസൻസ് എന്നിവയുടെ രേഖകൾ, 2017-18 ൽ കരാറുകാരന് നൽകിയ തുകയ്ക്ക് (7,81,080/-) ഉറവിടത്തിൽ നിന്ന് ഈടാക്കേണ്ടതായ 1 % (7810/-) ആദായനികുതി ഈടാക്കിയതിൻെറ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി- നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 19.05.2017ൽ തന്നെ 3620/- രൂപയ്ക്ക് കരാറുകാരൻ നെഗോഷിയേറ്റ് ചെയ്ത് കത്ത് നൽകിയിരുന്നു. ഇത് അംഗീകരിച്ചുകൊണ്ടുള്ള 07.06.2017 ലെ കൗൺസിൽ തീരുമാനത്തിനു ശേഷവും കരാറിന് തീയതി രേഖപ്പെടുത്താതെ അധിക നിരക്കിൽ നൽകിയ തുക (4000-3620) x23 = 8540/- രൂപ

(08.06.2017 മുതൽ 30.06.2017 വരെ)ഓഡിറ്റ് നിരാകരിക്കുന്നു. ആദായനികുതിയിനത്തിൽ ഈടാക്കേണ്ടതായ 7810/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുകയും ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-18 പ്രിന്റിംഗ് - ടെണ്ടർ നടപടികളുടെ രേഖകൾ ലഭ്യമല്ല.

മരട് നഗരസഭയിൽ പ്രിൻറിംഗ് ജോലികൾ ചെയ്ത വകയിൽ 2017-18 ൽ 1,35,997/- രൂപ M/s. Raja Press , പൂണിത്തുറ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തെ പ്രിൻറിഗ് ജോലികൾക്കായി തെരഞ്ഞെടുത്തതിൻെറ ടെണ്ടർ നടപടികളും ടി സ്ഥാപനവുമായി നഗരസഭ ഏർപ്പെട്ടിരിക്കുന്ന കരാർ വ്യവസ്ഥകളും സംബന്ധിച്ച വിവരങ്ങളും ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രിന്റിംഗ് ചാർജിനത്തിൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമ്പോൾ ചെലവിന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും ഫയൽ കൃത്യമായി സൂക്ഷിക്കുവാൻ ബന്ധപ്പെട്ട സെക്ഷന് നിർദ്ദേശം നൽകേണ്ടതുമാണ്.

## 3-19 രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 80,33,559/- രൂപ തടസ്സപ്പെടുത്തുന്നു.

മരട് നഗരസഭയിൽ 2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയലുകളും , ചെലവ് രേഖകളും ഓഡിറ്റിനായി ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വസിഷൻ (നം.2) നല്കിയിരുന്നു.എന്നാൽ ആയത് ഹാജരാക്കാത്തതിനാൽ ടി പ്രൊജക്ടുകളുടെ ആകെ ചെലവ് തുകയായ **80,33,559**/- രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമനമ്പർ | പ്രൊജക്ടിന്റെ നമ്പർ/പേര് | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് വിശദാംശം |
|---|---|---|---|---|
| 1 | S011/18 – വീട് നിർമ്മാണം- ജനറൽ (LIFE പദ്ധതിക്ക് വേണ്ടി PMAY A/c ലേക്ക് മാറ്റിയത് ) | 70,00,000 | 25,00,000<br>15,00,000<br>25,00,000<br>4,30,000<br>70,000<br>70,00,000 | 221/17-18 dtd. 30.10.17<br>426/17-18 dtd 02.03.18<br>222/17-18 dtd. 06.11.17<br>427/17-18 dtd. 02.03.18<br>428/17-18 dtd. 05.03.18 |
| 2 | S016/18 – ഐ.കെ.എം വിഹിതം അടയ്ക്കൽ | 1,15,545/- | 1,15,445/- | 45/17-18 dtd.30.01.2018 |
| 3 | S096/18- ശൗചാ ലയനിർമ്മാണം | 8,25,000/- | 45,000<br>65,000<br>1,10,000/- | 434/17-18 dtd. 06.03.18<br>492/17-18 dtd. 21.03.18 |
| 4 | S175/18-ഭിന്ന ശേഷിക്കാർക്ക് സഹായ ഉപകരണം | 10,00,000/- | 5,86,080/- | 61/17-18 dtd. 28.03.2018 |
| 5 | S399/18-നഗരസഭാ ഓഫീസിന് യു.പി.എസ് | 1,76,000/- | 1,64,830/- | 59/17-18 dtd. 24.03.2018 |
| 6 | S400/18-നഗരസഭാ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ | 61,620/- | 57,204/- | 44/17-18 dtd. 30.01.2018 |
| | | | **80,33,559/-** | |

## 3-20 PMAY- ഭവനപദ്ധതി -സമയബന്ധിതമായ പൂർത്തീകരണത്തിന് വിഭവസ്രോതസ്സ് ഉറപ്പ് വരുത്തണം.

" എല്ലാവർക്കും ഭവനം " എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഭവനനഗരദാരിദ്ര്യ ലഘൂകരണ മന്ത്രാലയം നടത്തുന്ന "പ്രധാനമന്ത്രി ആവാസ് യോജന " (PMAY) പദ്ധതിയിൽ മരട് നഗരസഭയും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മിനിമം 1 സെന്റ് കൈവശാവകാശ ഭൂമിയുള്ളവർക്ക് 3,00,000/-

രൂപ വീതം ധനസഹായം നല്കുന്നു. 50000/- രൂപ ഗുണഭോക്തൃവിഹിതം, 50,000/- രൂപ തദ്ദേശ സ്ഥാപനവിഹിതം, 2,00,000/- രൂപ കേന്ദ്ര -സംസ്ഥാനവിഹിതം ഉൾപ്പെടെയാണ് 3,00,000/- രൂപ നല്കുന്നത്. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ 60 ദിവസത്തിനകം കരാർ വെച്ച് പണി ആരംഭിക്കുകയും, 120 ദിവസത്തിനകം അടിത്തറ, 180 ദിവസത്തിനകം ലിന്റൽ പൊക്കം, 270 ദിവസത്തിനകം മേൽക്കൂര, 365 ദിവസത്തിനകം കുടിവെള്ളം, വിദ്യുച്ഛക്തി എന്നിവയും ലഭ്യമാക്കി വീട് നിർമ്മാണം പൂർത്തീകരിക്കണം എന്നാണ് വ്യവസ്ഥ.

ഈ പദ്ധതിക്കുവേണ്ടി AXIS ബാങ്കിൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 155 വീടുകൾക്ക് ആണ് ആനുകൂല്യം നല്കാൻ ലക്ഷ്യമിട്ടത്. 2016-17ൽ ആരംഭിച്ച ഈ പദ്ധതിക്കുവേണ്ടി 2016-17 വർഷം തന്നെ തദ്ദേശസ്വയംഭരണസ്ഥാപനവിഹിതമായി 35,00,000/- രൂപ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. ഇത് കൂടാതെ ഗുണഭോക്തൃവിഹിതം, കേന്ദ്രവിഹിതം എന്നിവയും ഈ അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. 31.03.2017-ൽ ചെലവ് കഴിച്ച് 40,52,636/- രൂപയാണ് ഈ അക്കൗണ്ടിൽ ഉണ്ടായിരുന്നത്.

<u>2017-18 ലെ വരവ് -ചെലവ് സംക്ഷിപ്തം താഴെപ്പറയുന്നു.</u>

| ഇനം | തുക |
|---|---|
| 01.04.2017-ൽ മുന്നിരിപ്പ് | 40,52,636 |
| 2017-18 ൽ കുടുംബശ്രീ സ്റ്റേറ്റ് മിഷൻ ഫണ്ട് ലഭിച്ചത്- സംസ്ഥാനവിഹിതം | 44,75,000 |
| കേന്ദ്രവിഹിതം | 1,34,25,000 |
| നഗരസഭാ വിഹിതം | 95,00,000 |
| ഗുണഭോക്തൃവിഹിതം | 50,40,000 |
| ബാങ്ക് പലിശ | 1,56,409 |
| മറ്റ് വിഹിതം | 92,161 |
| ആകെ 2017-18 വരവ് | **3,67,41,206** |
| ആകെ 2017-18 ചെലവ് | **2,54,20,000** |
| 31.03.2018 ൽ നീക്കിയിരുപ്പ് | **1,13,21,206** |

രണ്ടാം ഘട്ടത്തിൽ 200 പേർക്കും, 3-ാം ഘട്ടത്തിൽ 91 പേർക്കും ഉൾപ്പെടെ ആകെ 446 ഗുണഭോക്താക്കൾക്കാണ് PMAY പദ്ധതിയിൽ നഗരസഭയിൽ ആനുകൂല്യം നല്കാൻ തീരുമാനിച്ചിരുന്നത്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 177 പേർ അനർഹരാണെന്ന് കണ്ട് ഒഴിവാക്കി. നിലവിൽ 269 ഗുണഭോക്താക്കളാണ് ഇപ്പോൾ ഈ പദ്ധതിയിൽ കരാർ വെച്ച് പണി ആരംഭിച്ചിട്ടുള്ളത്.

ഈ പദ്ധതിയുടെ ആദ്യ മാനദണ്ഡപ്രകാരം ഗുണഭോക്താക്കൾ 50,000/- രൂപ ഗുണഭോക്തൃവിഹിതം അടയ്ക്കേണ്ടതുണ്ടായിരുന്നു. എന്നാൽ പിന്നീട് സംസ്ഥാനസർക്കാരിന്റെ LIFE മിഷൻ പദ്ധതിയുമായി യോജിപ്പിച്ച് ആനുകൂല്യം 3 ലക്ഷത്തിൽ നിന്ന് 4 ലക്ഷമായി ഉയർത്തുകയും, 01.04.2017 ന് ശേഷം കരാർ വെച്ച് പണി ആരംഭിച്ച ഗുണഭോക്താക്കളെ ഗുണഭോക്തൃവിഹിതം അടയ്ക്കുന്നതിൽ നിന്ന് മുൻകാലപ്രാബല്യത്തോടെ ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച 9534/N/2015/KSHO നമ്പർ സർക്കുലർ വന്ന സാഹചര്യത്തിൽ നഗരസഭയിൽ 01.04.2017 ന് ശേഷം കരാർ വെച്ച് ഗുണഭോക്തൃവിഹിതം അടച്ച ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃവിഹിതം തിരിച്ച് കൊടുക്കേണ്ടതുണ്ട്. നാളിതുവരെ 50,40,000/- രൂപയാണ് ഈയിനത്തിൽ തിരികെ നല്കാനുള്ളത്.

31.01.2019 തീയതിയിൽ PMAY- യുടെ AXIS Bank A/c-ൽ 10,68,000/- രൂപയാണ് നീക്കിയിരുപ്പ്. ഘട്ടം ഘട്ടമായി പണി പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് നല്കാനുള്ള ഗഡുക്കളും, ഗുണഭോക്തൃവിഹിതം തിരികെ നല്കാനുള്ളതുമായ തുക കണ്ടെത്തുവാനായി നഗരസഭ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, ലക്ഷ്യമിട്ട കാലാവധിക്കുള്ളിൽ എല്ലാ ഗുണഭോക്താക്കളും വീട് നിർമ്മാണം പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതിനായി പദ്ധതിയുടെ മോണിറ്ററിംഗിൽ നഗരസഭാ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

# 3-21 3-in-1 പ്രിന്റർ വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | S0077/18 |
| പ്രൊജക്റ്റിന്റെ പേര് | ഗവ.ഹൈസ്കൂൾ മാങ്കായിലേക്ക്<br>3-in-1 പ്രിന്റർ വാങ്ങൽ |
| അടങ്കൽ തുക | 50000/- രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 33280/- രൂപ |
| ബിൽ നം & തീയതി | 4/17-18/9.1.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,ഗവ.ഹൈസ്കൂൾ മാങ്കായി. |

ടി പ്രോജക്റ്റ് പ്രകാരം ടെണ്ടർ നടപടികളിലൂടെ ഫ്യൂച്ചർ ഓട്ടോമേഷൻ എന്ന സ്ഥാപനത്തിൽ നിന്നും ഒരു 3-in-1 പ്രിന്റർ വാങ്ങിയിട്ടുണ്ട്.

എന്നാൽ ഇതിൽ വാറന്റി പിരീഡ് ആയി ഒരു വർഷം ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് -സ.ഉ. (സാധാ) നം. 2515/2017/ പൊ.വി.വ.തീയതി 30.7.17 പ്രകാരം സ്കൂളുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും നൽകുന്ന എല്ലാ ഐ.സി.ടി (ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ) ഉപകരണങ്ങൾക്കും ചുരുങ്ങിയത് 5 വർഷം വാറന്റി ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ടി നിർദ്ദേശം പാലിക്കാതെയാണ് 3-in-1 പ്രിന്റർ വാങ്ങിയിട്ടുള്ളത് ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/7.2.19) മറുപടി ലഭ്യമാക്കിയില്ല. സ്കൂളുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വാങ്ങുന്ന എല്ലാ ഐ.സി.ടി ഉപകരണങ്ങൾക്കും ചുരുങ്ങിയത് 5 വർഷം വാറന്റി ഉറപ്പാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

# 3-22 അങ്കണവാടിക്കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

മരട് നഗരസഭയിൽ ആകെ 41 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇവയിൽ 27 എണ്ണം സ്വന്തം കെട്ടിടത്തിലും, 14 എണ്ണം വാടക കെട്ടിടങ്ങളിലും പ്രവർത്തിയ്ക്കുന്നു. 22-3-2011ലെ 31055/ഡി.സി.2/2011/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ എല്ലാ വർഷവും മെയ് 10 നകം വാടകക്കെട്ടിടങ്ങൾ ഉൾപ്പെടെ എല്ലാ അങ്കണവാടികളും സന്ദർശിച്ച് പരിശോധിച്ച് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.14/8.2.19) നല്കിയിരുന്നെങ്കിലും സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-23 മുൻകൂറുകൾ

എ) ക്രമീകരിക്കാത്ത മുൻകൂറുകൾ

നഗരസഭയുടെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 ൽ താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിക്കാത്തതായി കണ്ടു.

| ക്രമ നം. | തിയതി | മുൻകൂർ കൈപ്പറ്റിയ ആളിൻെറ പേര് | വൌച്ചർ നം. , ചെക്ക് നം. | ആവശ്യം | തുക |
|---|---|---|---|---|---|
| 1 | 09.05.2017 | രാജേഷ് കുമാർ കെ. | 34-5/17, 064373 | ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് | 10,000/- |
| 2 | 28.07.2017 | ഷിബു കെ.എ. | 102-7/17, 829977 | അങ്കണവാടി സ്ഥലം വാങ്ങൽ | 1,00,000/- |
| 3 | 07.10.2017 | ഷമീർ എം.പി. | 25-10/17, | കേരളോത്സവം | 1,10,000/- |

| | | | | | |
|---|---|---|---|---|---|
| | | | 136873 | | |

മേൽ മുൻകൂറുകൾ ക്രമീകരിക്കാത്തതിൻെറ കാരണം അറിയിക്കുവാനും ക്രമനമ്പർ രണ്ട് പ്രകാരം അംങ്കണവാടിക്ക് സ്ഥലംവാങ്ങൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതിൻെറ രജിസ്ട്രേഷൻ രേഖകൾ, പോക്കുവരവ് രേഖകൾ എന്നിവ ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം 29) നൽകിയിരുന്നെങ്കിലും മറുപടി നൽകിയില്ല.

ബി) മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത തുകകൾ

നഗരസഭയുടെ 2017-18 ക്യാഷ് ബുക്ക് പ്രകാരം മുൻകൂറായി നൽകിയിരിക്കുന്ന തുകകൾ , മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | തീയതി | മുൻകൂർ കൈപ്പറ്റിയ ആളിൻെറ പേര് | വൌച്ചർ നം. , ചെക്ക് നം. | ആവശ്യം | തുക |
|---|---|---|---|---|---|
| 1 | 29.08.2017 | Self toATM /Advance Regular | 118-08/17, 830047 | രേഖപ്പെടുത്തിയിട്ടില്ല. | 1,25,000 |
| 2 | " | Self toATM /Advance Contingent | 122-8/17, 830047 | രേഖപ്പെടുത്തിയിട്ടില്ല | 1,05,000 |

മേൽ മുൻകൂറുകൾ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരങ്ങൾ ഹാജരാക്കേണ്ടതുമാണ്.
സി ) മുൻകൂർ രജിസ്റ്ററിൽ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

# 3-24 ഭിന്നശേഷി സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 48/18 |
| പ്രോജക്ടിന്റെ പേര് | ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 1000000/- രൂപ (വികസനഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 1000000/- രൂപ (ബിൽ നം 4/17-18 തീയതി 17-09-17) |
| നിർവ്വഹണ ഉദ്യോഗസ്ഥ | എെ.സി.ഡി.എസ്.സൂപ്പർവൈസർ |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ ഭിന്നശേഷിയുള്ള 82 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 1000000 രൂപ ചെലവഴിച്ചിട്ടുണ്ട്. 82 പേരിൽ 51 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 80/2017/തസ്വഭവ/03.04.2017 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ ബത്ത പ്രതിമാസം/ വാർഷികം | |
|---|---|---|
| സ്കോളർഷിപ്പ് | 1000 | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | - | 1500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് | - | 2000 |

| | | |
|---|---|---|
| ബത്ത | | |
| ഡേ സ്കോളർക്ക് യാത്രാബത്ത | 1000 | 10000 |
| ഉല്ലാസ യാത്രാചെലവുകൾ<br>– | – | 1000 |
| ആകെ | – | 26500/- |

മാനസിക വെല്ലുവിളികൾ നേരിടുന്ന 51 വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമാണ് തുക നല്കിയിട്ടുള്ളത്.

| നൽകിയ തുക<br>വിദ്യാർത്ഥികളുടെ<br>എണ്ണം x തുക | നൽകേണ്ട തുക | കുറവ് |
|---|---|---|
| 49x13920 = 682080<br>1x8000 =8000<br>1x6600 =6600 | 26500 X 51= 1351500 | |
| ആകെ - 696680 | 1351500 | 654820 |

വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാതിരുന്നതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/8.2.19)ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയിൽ നിന്നും ലഭിച്ച ഫണ്ട് കുറവായതുകൊണ്ടാണ് വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാൻ കഴിയാതിരുന്നത് എന്ന് വിശദീകരിച്ചു. ഭിന്നശേഷിക്കാരായ എല്ലാ വിദ്യാർത്ഥികൾക്കും അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാൻ കഴിയും വിധം ബജറ്റ് വിഹിതം വകയിരുത്തേണ്ടതാണ്.

# 3-25 മുനിസിപ്പാലിറ്റി പെൻഷൻ ഫണ്ട്- റഗുലർ - കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലെ അപാകതകൾ

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി. ബെനിഫിറ്റ്) ചട്ടങ്ങൾ അനുസരിച്ചാണ് നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്. ഇതിനായി നഗരകാര്യ ഡയറക്ടർ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും സെൻട്രൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ആരംഭിക്കണം (ചട്ടം.6). ഓരോ ജീവനക്കാരന്റെയും ആകെ പ്രതിമാസ ശമ്പളത്തിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി (ചട്ടം.7) നഗരസഭാ സെക്രട്ടറിമാർ ആതാത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ് (ചട്ടം.7). ചട്ടം 9 പ്രകാരം ജീവനക്കാരുടെ പെൻഷൻ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ആവശ്യമായ തുക നഗരസഭയ്ക്ക് അനുവദിക്കേണ്ടതുമാണ്. ഇങ്ങനെ അനുവദിച്ചു കിട്ടുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ നഗരസഭ പ്രത്യേക സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിക്കേണ്ടതും (ചട്ടം 10) പെൻഷൻ പേയ്മെന്റ് ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ് (ചട്ടം 11). പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനല്ലാതെ മറ്റൊരു ആവശ്യത്തിനും മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതല്ല.

1. മരട് നഗരസഭയിലെ മൊത്തം റഗുലർ ജീവനക്കാരുടെ എണ്ണം

| ക്രമ നം. | തസ്തിക | ശമ്പള നിരക്ക് | അനുവദിച്ച എണ്ണം | നിലവിലുള്ളവരുടെ എണ്ണം |
|---|---|---|---|---|
| 1 | സൂപ്രണ്ട് | 30700-65400 | 1 | 1 |
| 2. | ഹെൽത്ത് ഇൻസ്പെക്ടർ(ഗ്രേഡ് I) | 30700-65400 | 1 | 1 |
| | | | | |

| | | | | |
|---|---|---|---|---|
| 3 | റവന്യൂ ഇൻസ്പെക്ടർ | 27800-59400 | 1 | 1 |
| 4 | സീനിയർ ക്ലാർക്ക് | 25200-54000 | 6 | 6 |
| 5 | എൽ.ഡി.സി/ ബി.സി | 19000-43600 | 6 | 5 |
| 6 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 26500-56700 | 1 | 1 |
| 7 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 22200-48000 | 3 | 0 |
| 8 | ലൈബ്രേറിയൻ ഗ്രേഡ് IV | 22200-48000 | 1 | 1 |
| 9 | എൽ.ഡി ടൈപ്പിസ്റ്റ് | 19000-43600 | 1 | 1 |
| 10 | ഓഫീസ് അറ്റൻഡന്റ് | 17500-39500 | 2 | 2 |

2. മരട് നഗരസഭയിലെ മൊത്തം കണ്ടിൻജന്റ് ജീവനക്കാരുടെ എണ്ണം

| ക്രമ നം. | തസ്തിക | ശമ്പള നിരക്ക് | അനുവദിച്ച എണ്ണം | നിലവിലുള്ളവരുടെ എണ്ണം |
|---|---|---|---|---|
| 1 | സാനിറ്റേഷൻ വർക്കർ | 17000-37500 | 10 | 10 |

3. സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടച്ച തുകയുടെ വിശദാംശങ്ങൾ-റഗുലർ & കണ്ടിജന്റ്

| | | |
|---|---|---|
| ആകെ അടച്ച തുക | 12,32,221 | 01.04.2017 മുതൽ 31.03.2018 വരെ |

എന്നാൽ 2017-18 വാർഷികധനകാര്യപ്പത്രിക പ്രകാരം 746,692/- രൂപ മാത്രമാണ് സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടച്ചതായി കാണുന്നത്. ഈ അപാകത പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

4.വിരമിച്ച ജീവനക്കാർക്ക് 2017-18 കാലഘട്ടത്തിൽ നൽകിയ പെൻഷൻ ആനുകൂല്യങ്ങളുടെ വിവരം

2017-18 കാലഘട്ടത്തിൽ ഈ മുനിസിപ്പാലിറ്റിയിൽ നിന്ന് 2 ജീവനക്കാരാണ് സർവ്വീസിൽ നിന്ന് വിരമിച്ചത്. അതിൽ ശ്രീ. കെ.എം. വിജയന് നഗരകാര്യ ഡയറക്ടറുടെ 15/02/2018 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 03/03/2018 ലെ നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം 19,02,662/- രൂപ ഡി.സി.ആർ.ജി-യും, പെൻഷൻ കമ്മ്യൂട്ടേഷനും കൂടി അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ഈ തുക നല്കിയിട്ടില്ല. പെൻഷൻ പേമെന്റ് ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടതാണ് എന്ന വ്യവസ്ഥ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. നഗരസഭാ പെൻഷൻ അക്കൗണ്ടിൽ ഈ ഇനത്തിലെ തുകയുടെ വിശദാംശങ്ങൾ

മരട് നഗരസഭ, പഞ്ചാബ് നാഷണൽ ബാങ്ക് മരട് ബ്രാഞ്ചിൽ നഗരസഭാസെക്രട്ടറിയുടെ പേരിൽ പെൻഷൻ ഫണ്ടിനായി 7476001100000084 നമ്പറിൽ പെൻഷൻ അക്കൗണ്ട് തുടങ്ങിയിട്ടുള്ളതാണ്. 2017-18-ൽ ഈ അക്കൗണ്ടിൽ നിന്ന് പെൻഷൻ ആനുകൂല്യങ്ങളൊന്നും തന്നെ നല്കിയിട്ടില്ല. 31.03.2018-ൽ ഈ അക്കൗണ്ടിൽ 6,58,897/- രൂപ നീക്കിയിരുപ്പുണ്ട്.

| അക്കൗണ്ട് ഇനം | 01.04.2017 ലെ മുന്നിരിപ്പ് | 2017-18 വരവ് | ബാങ്ക് പലിശ | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| മുനിസിപ്പൽ പെൻഷൻ ഫണ്ട് | 633499 | 0 | 25433 | 658932 | 35 | 658897 |

നഗരസഭയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന മുറയ്ക്ക്, ആയത് ടി ജീവനക്കാർക്ക് കാലതാമസം കൂടാതെ നല്കാനുതകുന്ന രീതിയിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നുള്ള വിഹിതം അനുവദിച്ച് കിട്ടാൻ നടപടി

സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾ ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ സ്ഥാപനം | 17-18-ൽ നിക്ഷേപിച്ചത് | ചെലവാക്കിയത് | 31.03.2018 -ൽ ബാക്കി നിൽക്കുന്ന തുക | ചെലവ് വിശദാംശം |
|---|---|---|---|---|---|---|
| എസ് 375/18 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | KSEB | 861530/- | 0 | 861530/- | ബിൽ നം. 476/17-18 20.03.2018 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പാ തിരിച്ചടവ്

ബാലൻസ് ഷീറ്റിൽ വായ്പയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. മുൻ വാർഷിക റിപ്പോർട്ടുകളിൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്കായി വായ്പ എടുത്തതായി കാണിച്ചിരിക്കുന്നത് വായ്പാ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയാണ്. എന്നാൽ ഈ രജിസ്റ്റർ കൃത്യമായി എഴുതാത്തതുകൊണ്ട് നിലവിൽ എത്ര തുക തിരികെ അടയ്ക്കാനുണ്ട് എന്ന് കൃത്യമായി പറയാൻ കഴിയില്ല. ഇത് സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2239528 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 477923 |
| ആകെ | 2717451 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2717451 |

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ് .ബി.ഐ മരട്<br>A/c No. 67271219027 | 542682 |
| മരട് സർവ്വീസ് സഹകരണ ബാങ്ക്<br>FD No. 0017723 | 2174769 |
| ആകെ | 2717451 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

# വിശദാംശം.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2000-01 | IV7 (62) | - | ലഭ്യമാക്കിയില്ല |
| 1998-99 | 28 | 2004-05 | III 7(I) | - | ലഭ്യമാക്കിയില്ല |

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 21,68,66,378 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 19,85,96,154 |
| വരവിനങ്ങളിലുള്ള നഷ്ടം | 69249 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 674497 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10763272 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 69,249 | | വർഗ്ഗീസ് .വി റെവന്യു ഇൻസ്പെക്ടർ |
| 3-1 | | 3,93,444 | ഉഷാകുമാരി.പി.ജി , അസിസ്റ്റന്റ് എഞ്ചിനിയർ |
| | | | |
| 3-12 | | 11,556 | ബി. അനിൽകുമാർ സെക്രട്ടറി |
| 3-13 | | 27841 | ബി. അനിൽകുമാർ സെക്രട്ടറി |
| 3-17 | | 8540 | ബി. അനിൽകുമാർ സെക്രട്ടറി |
| **ആകെ** | **69,249** | **441381** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 26,70,000 | ബി. അനിൽകുമാർ ,സെക്രട്ടറി |
| 3-5 | 59,713 | ഹുസൈൻ എ , പ്രോജക്ട്ഓഫീസർ ,UPAD |
| 3-19 | 80,33,559 | ബി. അനിൽകുമാർ, സെക്രട്ടറി |
| | | |

| | |
|---|---|
| ആകെ | 1,07,63,272 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-5 | 1,93,388 | ഉഷാകുമാരി.പി.ജി ,അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-9 | 27,118 | ഹുസൈൻ.എ ,പ്രോജക്ട്ഓഫീസർ ,UPAD |
| 3-15 | 4,800 | ബിന്ദു .വി SCDO |
| 3-17 | 7810 | ബി. അനിൽകുമാർ, സെക്രട്ടറി |
| ആകെ | 233116 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി. അനിൽകുമാർ സെക്രട്ടറി | സെക്രട്ടറി പിറവം നഗരസഭ | സതി മന്ദിരം<br>നടുവത്ത് ചേരി<br>ചവറ സൌത്ത് |
| ഹുസൈൻ എ , പ്രോജക്ട്ഓഫീസർ , UPAD | ഹെൽത്ത് ഇൻസ്പെക്ടർ<br>പരപ്പനങ്ങാടി നഗരസഭ | ഗ്രീൻ ലൈൻ<br>മൂലേപ്പാടം -മൊയ്തീൻ ഷാ റോഡ് വാഴക്കാല കാക്കനാട് പി.ഒ എറണാകുളം |
| ഉഷാകുമാരി പി.ജി , അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>മറവൻതുരുത്ത് പഞ്ചായത്ത് , ചെമ്പ് | കീർത്തനം<br>RCCറോഡ്, വൈറ്റില ,കൊച്ചിൻ -19 |
| ബിന്ദു .വി SCDO | SCDO, തൃപ്പൂണിത്തുറ നഗരസഭ | ഉത്തമപുരം , കോമന, അമ്പലപ്പുഴ |
| വർഗ്ഗീസ് ,വി റവന്യൂ ഇൻസ്പെക്ടർ | വിരമിച്ചു | റഹോബോത്ത് , പീപ്പിൾനഗർ , കടപ്പാക്കട ,കൊല്ലം -01 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1980-81 | എൽ.എഫ്.ഇ.(പി.4)1468/26.10.1995 |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1986-87 | |
| 1987-88 | |
| 1988-89 | |
| 1990-91 | |
| 1991-92 & 1992-93 | എൽ.എഫ്.ഇ.(പി.4)1025/94/9.2.1996 |
| 1993-94 | എൽ.എഫ്.ഇ.(പി.3)556/96/ 17.5.1998/7.1.99 |
| 1996-97 | എൽ.എഫ്.ഇ.(പി.3)160/96 /17.5.98/7.1.99 |
| 1997-98 | എൽ.എഫ്.ഇ.(പി.4)691/2000/ 18.10.2000 |
| 1998-99 | എൽ.എഫ്.ഇ.(പി.6)1010/05/21.7.06 /7.10.06 |
| 1999-2000 | എൽ.എഫ്.ഇ.(പി.6)1011/05/21.7.06/ 7.10.06 |
| 2000-01 | എൽ.എഫ്.ഇ.(പി.6)1005/05/22.7.2006 |
| 2001-02 | എൽ.എഫ്.ഇ.(പി.7)1818/06/ 3.11.07/15.1.08 |
| 2002-03 | എൽ.എഫ്.ഇ.(പി.7)1819/06/ 3.11.07/31.1.08 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1820/06/ 3.11.07/15.1.08 |
| 2004-05 | എൽ.എഫ്.ഇ.(പി.8)785/09/ 9.3.10/11.6.10 |
| 2005-06 | എൽ.എഫ്.ഇ.(പി.8)786/09 /9.3.10/11.6.10 |
| 2006-07 | എൽ.എഫ്.ഇ.(പി.8)1342/09/ 9.3.10/11.06.10 |
| 2007-08 | എൽ.എഫ്.ഇ.(പി.8)140/10/ 6.11.10/4.1.11 |
| 2008-09 | എൽ.എഫ്.ഇ.(പി.8)141/10/6.11.10/7.3.11 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1860/10/ 2.5.11/4.8.11 |
| 2010-11 | എൽ.എഫ്.ഇ.(എം.1)1863/12/ 20.6.12/11.7.12 |
| 2011-12 | എൽ.എഫ്.ഇ.(എം.1)1100/14/ 13.1.15/17.1.15 |
| 2012-13 | എൽ.എഫ്.ഇ.(എം.1)883/15 / 14.07.2015 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016 / 20.07.2016 |
| 2015-16 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 164/ 17 / 8.2.17 |
| 2016-17 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 1758/ 17 / 19.09.17 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(എം1)307/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com

തീയതി:22.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ,വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മരട് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

# അനുബന്ധം -2 മരട് നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. Schedule B-1 Muncipal General Fund & Excess of Income over expenditure എന്നിവയിലെ മുന്നിരിപ്പ് തുകയിൽ വ്യത്യാസമുണ്ട്.

| ഇനം | 2016-17 ലെ ധനകാര്യ പത്രിക Schedule B-1 പ്രകാരം നീക്കിയിരിപ്പ് തുക | 2017-18 ലെ ധനകാര്യ പത്രിക Schedule B-1 പ്രകാരം മുന്നിരിപ്പ് തുക | വ്യത്യാസം |
|---|---|---|---|
| ജനറൽ ഫണ്ട് | 16138666.22 | 17499385.22 | 1360719.00 |
| Excess of | 102140555.50 | 104930343.50 | 2789788.00 |

| | | | |
|---|---|---|---|
| Income over expenditure | | | |

3. പഞ്ചാബ് നാഷണൽ ബാങ്കിലെ (തനത് ഫണ്ട്) അക്കൗണ്ടിൽ ക്യാഷ് ചെയ്യാത്ത ചെക്കുകളുടെ തുകയായി 1,03,98,769/- രൂപ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉണ്ട്. ഈ ചെക്കുകൾ 11.07.2014 മുതലുള്ളതാണ്. കാലാവധി കഴിഞ്ഞ ചെക്കുകൾ stale cheque എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.
4. ധനകാര്യ പത്രികയിലെ തുകകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകകളും തമ്മിൽ വ്യത്യാസമുണ്ട്.

a) വികസന ഫണ്ട് പൊതു വിഭാഗം - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആകെ ചെലവ് തുക 3,05,91,536/- രൂപയും ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുക 3,05,41,649/- രൂപയുമാണ്. വ്യത്യാസം 49887/- രൂപ.
b) വികസന ഫണ്ട് ടി.എസ്.പി - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആകെ ചെലവ് തുക 361418/- രൂപയും ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുക 331838/- രൂപയുമാണ്. വ്യത്യാസം 29580/- രൂപ.

c) ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആകെ ചെലവ് തുക 31693288/- രൂപയാണ്. ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുക 31430395/- രൂപയുമാണ്. വ്യത്യാസം 262893/- രൂപ.

5. വസ്തുനികുതിയുടെ ഡി.സി.ബി പ്രകാരമുള്ള നീക്കിയിരിപ്പുകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

6. Rent from shopping complex - ഡി.സി.ബി പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

7. B-2ഷെഡ്യൂളിൽ ഡിസ്ട്രസ് റിലീഫ് ഫണ്ടിൽ 199104/- രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത ഹെഡിന്റെ ബാങ്ക് അക്കൗണ്ടിൽ 205445/- രൂപ നീക്കിയിരിപ്പുള്ളതായി RP-40(b) യിൽ കാണിച്ചിരിക്കുന്നു.
8. B-9ഷെഡ്യൂളിൽ VAT, KCWWF എന്നിവ നെഗറ്റീവ് തുകകളാണ്. ഇതിന് വിശദീകരണം ലഭ്യമാക്കിയില്ല.

**ജോയിന്റ് ഡയറക്ടർ**